LANDWAY
Bringing You Closer to God

# ലാൻഡ്‌വേ ന്യൂസ്

10 DECEMBER 2016

RNI-KERBIL/2015/62054
www.landwaynews.com email: landwaynews@gmail.com
Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.

Published From Pathanamthitta • Volume No. 2, Issue No. 12 • Pages 8 • Price: Rs. 10/-

## എല്ലാ വായനക്കാർക്കും ക്രിസ്തുമസ് പുതുവൽസര ആശംസകൾ

## മേരി ഏബ്രഹാം നിര്യാതയായി

കുമ്പനാട്: ഐ.പി.സി ആരംഭകാല പ്രവർത്തകനും കുമ്പനാട് പൂഴിക്കാല വീട്ടിൽ പരേതനായ പാസ്റ്റർ പി. റ്റി. ചാക്കോയുടെ സീമന്ത പുത്രിയും പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ മരുമകളും, പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന്റെ സഹധർമ്മിണിയുമായ മേരി ഏബ്രഹാം (91) നവംബർ 26 ശനിയാഴ്ച വൈകിട്ട് നിത്യതയിൽ പ്രവേശിച്ചു. പ്രായാധിക്യത്താലുള്ള ക്ഷീണമുണ്ടായിരുന്ന മേരി ഏബ്രഹാമിന്റെ വിയോഗം തിരുവല്ലാ സ്വകാര്യ ആശുപത്രിയിൽ വെച്ചായിരുന്നു. ആന്ധ്രാ സർക്കാർ



ഉദ്യോഗത്തിലായിരുന്നപ്പോൾ ഇന്ത്യൻ പ്രസിഡന്റിൽ നിന്നും അവാർഡ് സ്വീകരിക്കപ്പെട്ട പരേത ഐ. പി. സി സോദരി സമാജം പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. മക്കൾ: പാസ്റ്റർ ടി. വൽസൻ ഏബ്രഹാം (ഐ.പി.സി മുൻ ജനറൽ സെക്രട്ടറി), ആനി തോമസ് (മോളി), മേഴ്സി ലൂക്ക്, ഷേർളി ചാക്കോ. മരുമക്കൾ: ലാലി ഏബ്രഹാം, ജേക്കബ് തോമസ്, മേജർ ലൂക്ക്, വിജയ് ചാക്കോ.

ദുഖിതരായ കുടുംബാംഗങ്ങൾക്ക് ലാൻഡ്‌വേ ന്യൂസിന്റെ അനുശോചനങ്ങൾ.

## ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് കൺവൻഷൻ സമാപിച്ചു




ബെംഗളൂരു: ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് കൺവൻഷൻ ഒക്ടോബർ 28 മുതൽ 1 വരെ കൊത്തന്നൂർ എബനേസർ ഇൻസ്റ്റിറ്റ്യൂഷൻ ആഡിറ്റോറിയത്തിൽ നടന്നു. കണാടക സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്തു. യേശു പണിയുവാൻ ആഗ്രഹിച്ച സഭ സുവിശേഷത്തിന്റെ ദൗത്യം ഏറ്റെടുത്ത് അതിന് പ്രാധാന്യം കൊടുക്കുകയും മറ്റുള്ളവരെ സ്നേഹിക്കുകയും കരുതുകയും പരിഗണിക്കുകയും വിശ്വാസികളും ശുശ്രൂഷകരും വിശ്വസ്തതയോടും സൂക്ഷ്മതയോടും കൂടെ കാലഘട്ടം പൂർത്തീകരിക്കണമെന്ന് ചർച്ച് ഓഫ് ഗോഡ് ഏഷ്യാ പസഫിക് ഫീൽഡ് ഡയറക്ടർ ഡോ. ആൻഡ്രു ബിന്റോ പറഞ്ഞു കൺവൻഷ സംയുക്ത ആരാധനയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവദാസന്മാരായ പി. ആർ. ബേബി, കുര്യൻ ജോർജ്ജ്, ബാബു ചെറിയാൻ (പിറവം) ഷിബു സാമുവേൽ, സിബി തോമസ്, സണ്ണി താഴംപള്ളം, എം.കുഞ്ഞപ്പി, കേരള സ്റ്റേറ്റ് ഓവർസിയർ സി.സി.തോമസ്, ഡോ. ആൻഡ്രു ബിന്റോ, ഡോ. ഷിബു കെ. മാത്യു, ഡോ. ജോളി ജോസഫ് താഴംപള്ളിൽ എന്നിവർ പ്രസംഗിച്ചു.

ഞായറാഴ്ച നടന്ന സംയുക്ത ആരാധനയിൽ കർണാടക സ്റ്റേറ്റ് ഓവർസിയറായി ചുമതലയേറ്റ പാസ്റ്റർ എം. കുഞ്ഞപ്പിയെ അധികാര പത്രം നൽകി ഡോ. ആൻഡ്രു ബിന്റോ ആദരിച്ച് അനുഗ്രഹ പ്രാർത്ഥനയും നടത്തി. തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം. കുഞ്ഞപ്പി നേതൃത്വം നൽകി. കൺവൻഷനിൽ ശുശ്രൂഷക സമ്മേളനം, ധ്യാനയോഗം, സഹോദരി സമ്മേളനം, വൈ.പി.ഇ.സൺഡേസ്കൂൾ സംയുക്ത സമ്മേളനം, ബൈബിൾ ക്ലാസ് എന്നിവ നടത്തി. വൈ.പി.എ താലന്ത് പരിശോധനയിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി ബാംഗ്ലൂർ സെൻട്രൽ ഡിസ്ട്രിക്റ്റ് ട്രോഫി കരസ്ഥമാക്കി. ദൈവദാസന്മാരായ ഇ.ജെ. ജോൺസൺ, തോമസ് പോൾ, ജോസഫ് ജോൺ, ജെയ്മോൻ കെ. ബാബു, ബിനു ചെറിയാൻ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. 'ഞാൻ എന്റെ സഭയെ പണിയും' എന്നതായിരുന്നു കൺവൻഷന്റെ ചിന്താവിഷയം. സ്റ്റേറ്റ് ക്വയർ ഗാനങ്ങൾ ആലപിച്ചു. കർണാടകയുടെ വിവിധയിടങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് ശുശ്രൂഷകരും വിശ്വാസികളും കൺവൻഷനിൽ പങ്കെടുത്തു. ജനറൽ കൺവീനർ പാസ്റ്റർ തോമസ് പോൾ കൺവൻഷന് മുഖ്യനേതൃത്വം നൽകി.



## ലാൻഡ്‌വേ ന്യൂസ്
### സാഹിത്യ അവാർഡ് 2016

### മികച്ച ലേഖനത്തിന് ക്യാഷ് അവാർഡ്

ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന സാഹിത്യ അവാർഡ് 2016 ലേക്ക് രചനകൾ ക്ഷണിക്കുന്നു. ഏറ്റവും മികച്ച ഒരു ലേഖനത്തിന് ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും നൽകുന്നതായിരിക്കും. അഞ്ച് മികച്ച ലേഖനങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കും.

ക്രിസ്തീയ മൂല്യങ്ങളോട് ബന്ധപ്പെട്ടെഴുതിയ കാലിക പ്രസക്തിയുള്ള ലേഖനങ്ങൾ പരിഗണിക്കുന്നതാണ്. രചനയോടൊപ്പം മേൽവിലാസം, ഫോൺനമ്പർ, ഇമെയിൽ ഐഡി, ഏറ്റവും പുതിയ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഉണ്ടായിരിക്കണം. തപാലിലോ, ഇമെയിൽ വഴിയോ രചനകൾ അയയ്ക്കാവുന്നതാണ്. പ്രായമോ സഭാവ്യത്യാസമോ ഇല്ലാതെ ആർക്കും പങ്കെടുക്കാം. മുമ്പ് പ്രസിദ്ധീകരിച്ചവ ആയിരിക്കരുത്. എല്ലാ മികച്ച കൃതികളും ലാൻഡ്‌വേ ന്യൂസിൽ പ്രസിദ്ധീകരിക്കും. രചനകൾ തിരിച്ചയയ്ക്കുന്നതല്ല. **2016 ഡിസംബർ 30ന്** മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം. തപാൽ പ്രശ്നങ്ങൾ മൂലം രചനകൾ കൃത്യസമയത്ത് ഓഫീസിൽ ലഭിക്കാതിരിക്കുകയോ നഷ്ടപ്പെടുകയോ ചെയ്താൽ ലാൻഡ്‌വേ ന്യൂസ് ഉത്തരവാദിയല്ല. ഇംഗ്ലീഷിലും മലയാളത്തിലും രചനകൾ അയയ്ക്കാം

2017 ജനുവരി 30-ാം തീയതി അവാർഡ് പ്രഖ്യാപിക്കുകയും ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന ഔദ്യോഗിക ചടങ്ങിൽ വച്ച് അവാർഡുകൾ വിതരണം ചെയ്യുന്നതുമാണ്. സമയവും വേദിയും പിന്നീട് അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക് ലാൻഡ്‌വേ ന്യൂസ് ഓഫീസുമായി ബന്ധപ്പെടുക.

**LANDWAY NEWS | SAHITHYA AWARD | THUMPAMON P. O, PATHANAMTHITTA DIST - 689502.**
**Phone: +91 9447440441 | Email: landwaynews@gmail.com**

അഡ്രസ്സ് മാറ്റമുള്ളവരും വരിസംഖ്യ അടയ്ക്കാത്തവരും, ദയവായി സഹകരിച്ചാലും! ഒരു അഡ്രസ്സിൽ ഒന്നിലധികം ലാൻഡ്‌വേ ലഭിക്കുന്നുവെങ്കിൽ ഓഫീസിൽ അറിയിക്കുക.

*എഡിറ്റർ*

## ഐ.സി.പി എഫ് പ്രാർത്ഥനാസംഗമം



ആഗോളതലത്തിൽ കോളെജ്, സ്കൂൾ ക്യാമ്പസുകളിൽ പ്രവർത്തിച്ചുവരുന്ന ഇന്റർകോളേജിയേറ്റ് പ്രയർ ഫെലോഷിപ്പ് യു എ. ഇ ഫുജൈറ റീജിയൻ പ്രാർത്ഥനാസംഗമം ഫുജൈറ ഡൽഹി ദർബാർ ഹോട്ടലിൽ വെച്ചുനടത്തി. ഡിസംബറിൽ ഷാർജ യൂണിയൻ ചർച്ചയിൽ വച്ചു നടക്കുന്ന എറൈസ് 2016 യൂത്ത് ക്യാമ്പിനെക്കുറിച്ച് ചർച്ച നടത്തി. ഐ.സിപിഎഫ് യു എ. ഇ ചാപ്റഅറർ കോഓർഡിനേറ്റർ സന്തോഷ് ഈപ്പൻ, സ്റ്റാഫ് കൗൺസിലർ ബിബിൻ ഭക്തവത്സലൻ, അസോസിയേറ്റ് കൗൺസിലർ എൽവിൻ ഗർസിം, ഫുജൈറ റീജിയൻ പ്രസിഡന്റ് ഡഗ്ലസ് ജോസഫ്, സെക്രട്ടറി ക്രിസ്ജോ, രക്ഷാധികാരികളായ പാസ്റ്റർ എം. വി സൈമൺ, കോശി ചാക്കോ, ഡാൽട്ടൻ ജോസഫ്, ഷിന്റു, ഹിമബാബു, റിനും, ഹന്ന റേച്ചൽ എന്നിവർ നേതൃത്വം നൽകി.

2 തീരുമാനങ്ങൾ തിടുക്കത്തിലായാൽ — സന്തോഷ് പന്തളം
2 മാതാപിതാക്കൾ നമ്മുടെ വെളിച്ചം — ഷെറിൻ ഷേർളി സന്തോഷ്
3 ആശ്വാസമോ പരിഹാസമോ ഏതാകുന്നു എളുപ്പം? — ജെ. പി. വെണ്ണിക്കുളം
3 നായ്ക്കളെ സൂക്ഷിപ്പിൻ — ദാസ് പി. വിളക്കുടി
4 Visions of the Triune God for the Transformational Mission — Thomas Philip



സന്തോഷ് പന്തളം

“നിയമം നടപ്പിലാക്കാൻ തുടങ്ങുന്നതിന് മുമ്പ് അതിനെതിരെ വരാവുന്ന സാഹചര്യങ്ങൾ ഇനിയെങ്കിലും നിയമജ്ഞർ വിലയിരുത്തണം.”

# തീരുമാനങ്ങൾ തിടുക്കത്തിലായാൽ

പൊതുജനങ്ങളെ സേവിക്കുവാൻ വന്നവർ പൊതുജനത്തെ പൊരിവെയിലിൽ നിറുത്തി വേദനിപ്പിക്കുന്ന കാഴ്ചയാണ് ലോകം കണ്ടത്. പാവപ്പെട്ടവർ മുതൽ ധനികർ വരെ തങ്ങളുടെ സമ്പത്തിനെ മാറ്റിയെടുക്കുവാൻ കഠിനപ്രയത്നം നടത്തിക്കൊണ്ട് വെയിലിനെയും അധികാരികളെയും ശപിച്ച് കൊണ്ട് അവരുടെ കണ്ണുകൾ നിറയുന്നതായി കാണാൻ ഇടയായി. ആയിരവും അഞ്ഞൂറും പിൻവലിച്ച സർക്കാർ നിയമം ഒരു മുന്നറിയിപ്പും കൂടാതെ ഇന്ത്യൻ ജനതയെ നിരാശരാക്കുന്ന രീതിയിലുള്ള നിയമപ്രഖ്യാപനം ഖേദകരമായിപ്പോയി. ജനത്തെ നെരിപ്പോടിലാക്കി.

ആരാണ് സർക്കാർ? ജനമല്ലേ അധികാരികളെ തെരഞ്ഞെടുക്കുന്നത്? തെരെഞ്ഞെടുത്തവരോടും സഹായിച്ചവരോടും ഈ കടുംക്രൂരത കാണിക്കണമോ? കള്ളപ്പണത്തെ നിശ്ചയമായും തടയണം. അതിന് ജനസമൂഹം സർക്കാരിന്റെ കൂടെയുണ്ട് ഞങ്ങൾ നിങ്ങൾക്ക് വീണ്ടും പിൻബലം തരാം കൂടെ നിൽക്കാം. പക്ഷെ ഞങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ സമ്പത്ത് ഉപയോഗിക്കേണ്ടവണ്ണം ഉപയോഗിക്കാൻ കഴിയാതെ ഒറ്റ നിമിഷം കൊണ്ട് വേറൊരു ദിശയിലേക്ക് തിരിച്ചു വിട്ടത് തെറ്റായിപ്പോയി. തീരുമാനങ്ങൾ തിടുക്കത്തിലായി എന്നതാണ് ഞങ്ങളുടെ അഭിപ്രായം. ഇന്ത്യൻ പൗരന് അഭിപ്രായ സ്വാതന്ത്ര്യമുണ്ട് ഞങ്ങൾക്ക് നൽകപ്പെട്ട അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് തന്നെ ഞങ്ങൾ ഒറ്റകെട്ടായി ചോദിക്കുന്നു ഞങ്ങളുടെ വിശപ്പ് അടക്കാനുള്ള സമ്പത്തിനെ എന്തിന് ക്രൂരമായി പിടിച്ചടക്കി.

പല വീടുകളും പട്ടിണിയുടെ വക്കിലായി. സാധനങ്ങൾ വാങ്ങിക്കാൻ കഴിയാതെ കഞ്ഞിയും ഉപ്പും ഒഴിച്ച് കഴിക്കുന്ന ഭവനങ്ങളെ ഞാൻ ദർശിച്ചു. വിവാഹം പോലും മാറ്റി വച്ച് യാത്രകൾക്ക് തടസം സംഭവിച്ചു, രോഗികളുടെ ഓപ്പറേഷനുകൾ നടക്കാതെ ആയി. ആഹാരമില്ലായ്മ, വാഹനത്തിന് ഇന്ധനം ലഭിക്കുന്നില്ല, ബിസിനസുകൾ താറുമാറായി.

തീർച്ചയായും കള്ളപ്പണത്തെ നിർമൂല്യം ചെയ്യണം കണ്ടെത്തണം. നികുതി കൊടുക്കാത്തവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ട് വന്ന് മാന്യമായ ശിക്ഷ നൽകണം. ഞങ്ങൾ അതിന് പിൻബലം നൽകുന്നു. പക്ഷെ തീരുമാനങ്ങൾ തിടുക്കത്തിലായി എന്നതാണ് ഞങ്ങളുടെ അഭിപ്രായം. തീരുമാനം എടുത്ത വഴി തെറ്റിപ്പോയി. സമൂഹത്തിന് ആവശ്യത്തിനുള്ള നൂറ്, അൻപത് രൂപാ നോട്ടുകൾ ലോകബാങ്കിന്റെ നിയമപ്രകാരം അച്ചടിച്ച് പൊതുജനത്തിന് നൽകി കാര്യങ്ങൾ ക്രമീകരിച്ചിട്ട് വേണം പിൻവലിക്കേണ്ടത് പിൻവലിക്കാൻ. സമൂഹം നേരെയായി കഴിയുമ്പോൾ വീണ്ടും പിൻവലിക്കേണ്ട നോട്ടുകൾ പിൻവലിക്കണം ഇത് ന്യായമായ കാര്യമാണ്. നിയമം നടപ്പാക്കിയവർ നമ്മുടെ കൂടെയുണ്ടാകണം. അല്ലാതെ നിയമം ഉണ്ടാക്കിയവർ രാജ്യം വിട്ടു പോയി സന്തോഷിക്കുന്നത് ശരിയായ നടപടിക്രമമല്ല. ഈ രാജ്യം ജനാധിപത്യ രാജ്യമാണ് ഇവിടെ രാജഭരണമല്ല ഞങ്ങൾക്ക് ആവശ്യമെന്നതും ഓർപ്പിക്കട്ടെ.

കേരളത്തിൽ എരിവെയിലത്ത് പണത്തിന് വേണ്ടി നിന്നവർ ചൂടുകൊണ്ട് നിലത്തു വീണിട്ടുണ്ട്. പലരും തളർന്ന് നിലത്തിരുന്നു. റോഡിൽ കൂടി വാഹനം പോകുവാൻ ഇടമില്ലാതെ ജനം റോഡുകളിൽ നീണ്ടു നിലനിന്നതും ഞാൻ കണ്ടതാണ്. നിയമം നടപ്പിലാക്കാൻ തുടങ്ങുന്നതിന് മുമ്പ് അതിനെതിരെ വരാവുന്ന സാഹചര്യങ്ങൾ ഇനിയെങ്കിലും നിയമജ്ഞർ വിലയിരുത്തണം. ജനം നിങ്ങൾക്കെതിരെ ഇടഞ്ഞാൽ നിയമപാലകർക്കും സർക്കാരിനും നോക്കുകുത്തികളായി നിൽക്കാനേകഴിയു. ഇത് ഒരു ജാതിയെയോ രാഷ്ട്രീയത്തെയോ മതത്തെയോ വ്യക്തികളോയോ അല്ല പറയുന്നത്. ഇത് ഇന്ത്യയിലുള്ള മുഴുവൻ ജനങ്ങളുടെയും വിഷയമാണ് എന്ന് ചിന്തിച്ചു വേണം കാര്യങ്ങൾ ചെയ്യുവാൻ.

നമുക്ക് ഒരുമിച്ച് നിൽക്കാം പട്ടിണി എങ്കില് പട്ടിണി. വേദന എങ്കിൽ വേദന, സന്തോഷമെങ്കിൽ സന്തോഷം അല്ലാതെ അയൽ രാജ്യത്ത് പോയി ചങ്ങാത്തം കൂടി സന്തോഷിക്കുന്ന നിയമനിർമ്മാതാവിനെ ഞങ്ങൾക്ക് വേണ്ട. ഞങ്ങളുടെ കണ്ണുനീർ തുടക്കുന്ന ഞങ്ങളോടൊപ്പമുള്ള അധികാരിയെയാണ് ഞങ്ങൾക്ക് ആവശ്യം. എല്ലാം കഴിഞ്ഞിട്ട് (പശുവും ചത്തു മോരിലെ പുളിയും തീർന്നു) വന്ന് അനുതാപ പ്രസംഗം നടത്തുന്നവരെയല്ല ഇന്ത്യൻ ജനതയ്ക്കാവശ്യം. ഇന്ത്യ എത്രമഹത്തരമായ രാജ്യമാണ് ഇന്ത്യക്ക് ഒരു അന്തസുണ്ട്. അഭിമാനമുണ്ട്. മറ്റ് രാജ്യങ്ങൾക്ക് ഇന്ത്യയെ അപമാനിക്കാൻ നാം അവസരം കൊടുക്കരുതേ. •

# മാതാപിതാക്കൾ നമ്മുടെ വെളിച്ചം



ഷെറിൻ ഷേർളി സന്തോഷ്

ഓരോ കുടുംബത്തിലും കത്തിയെരിയുന്ന രണ്ട് ദീപങ്ങളെ നമുക്ക് കാണാൻ സാധിക്കാറുണ്ട്. അത് വേറെ ആരുമല്ല നമുക്ക് ജന്മം നൽകിയ മാതാവും പിതാവുമാണ്. നമുക്കു വേണ്ടിയല്ലേ അവർ ജീവി ക്കുന്നത്? മക്കൾ വളരുതോറും ഓരോ വയസ്സ് പൂർത്തിയാകുന്തോറും മാതാപിതാക്കൾ മക്കളുടെ ഭാവിയെ ഓർത്ത് ഉരുകിയാണ് മുമ്പോട്ട് പോകുന്നത്. നമ്മുക്ക് മാത്രമല്ല നമ്മളുടെ മാതാപിതാക്കളും പ്രായമേറി വരികയാണ് എന്ന സത്യം നാം മറക്കരുത്. മക്കളായ നമുക്ക് വേണ്ടി എല്ലുമുറിയെ പണി ചെയ്ത് അവർ ഓടി. അവർക്ക് നമ്മൾ എന്ത് പകരം തിരികെ നൽകുന്നു?. ആവശ്യമായ സ്നേഹം നാം നൽകുന്നുണ്ടോ? നല്ലതായി അവരെ നോക്കുന്നുണ്ടോ? സത്യം പറഞ്ഞാൽ വേണ്ടതുപോലെ ചെയ്യുന്നില്ല എന്നതാണ് സത്യം. മാതാപിതാക്കൾ സ്നേഹിക്കുന്നതിന്റെയും കഷ്ടപ്പെടുന്നതിന്റെയും കാൽഭാഗം പോലും സ്നേഹം നാം നൽകുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

മക്കളെ ജനിപ്പിച്ച് ഓരോ ചുവടുകളും പിച്ചവെപ്പിച്ച് വീഴാതെ നടത്തിയില്ലേ അവർ?




നമ്മുടെ നന്മയ്ക്ക് വേണ്ടി നമ്മളെ നോക്കി നടക്കുന്ന, സ്നേഹിക്കുന്ന രണ്ടേരണ്ടുപേർ മാതാവും, പിതാവും മാത്രമാണ്. അവരെ മറന്ന് ജീവിക്കാം എന്ന് പലരും ചിന്തിക്കുന്നുവെങ്കിൽ തെറ്റിപ്പോയി.

കഷ്ടപ്പാടുകളും, ബുദ്ധിമുട്ടുകളും കഴിവിന്റെ പരമാവധി നാമറിയാതെ മറച്ചുപിടിച്ച് നമ്മുടെ മുമ്പിൽ സന്തോഷമായി പെരുമാറിയില്ലേ? മക്കൾക്ക് പ്രായം കൂടുന്തോറും മക്കൾ മാതാപിതാക്കളിൽ നിന്ന് അകലുന്നതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു. നാളുകൾ നീളുമ്പോൾ മക്കൾക്ക് മറ്റുള്ള ബന്ധങ്ങളും, സുഹൃത്തുക്കളും ആകും വലുത്. നാം എല്ലാം തിരിച്ചറിഞ്ഞ് വരുമ്പോഴേക്കും പലതും താമസിച്ചെന്ന് വരാം. മാതാപിതാക്കളെ പോലെ ആരും ഈ ലോകത്തിൽ നമ്മെ സ്നേഹിച്ചിട്ടില്ല. അത്രയും വാത്സല്യം ആരും നൽകിയിട്ടുമില്ല. നമുക്ക് നൽകുമെന്ന് തോന്നുന്നതൊക്കെ വെറും നിഴലുകൾ മാത്രമാണ്. എല്ലാം തിരിച്ചറിഞ്ഞ് കരയുന്ന പലരെയും ചിലപ്പോഴൊക്കെ ഈ ലോകത്തിൽ കാണാൻ സാധിക്കാറുണ്ട്. നമ്മുടെ നന്മയ്ക്ക് വേണ്ടി നമ്മളെ നോക്കി നടക്കുന്ന, സ്നേഹിക്കുന്ന രണ്ടേരണ്ടുപേർ മാതാവും, പിതാവും മാത്രമാണ്. അവരെ മറന്ന് ജീവിക്കാം എന്ന് പലരും ചിന്തിക്കുന്നുവെങ്കിൽ തെറ്റിപ്പോയി. ആ ജീവിതം ഒരിക്കലും ശാശ്വതമായിരിക്കില്ല. മാതാപിതാക്കളുടെ സ്ഥാനത്ത് ലോകത്തിൽ ആരെയും ഉപമിക്കാൻ കഴിയുകയില്ല. ജീവിതത്തിൽ പല ഘട്ടങ്ങളിലും മക്കളായ നാം തളരുമ്പോഴും പതറി എന്ന് തോന്നുമ്പോഴും നമ്മുടെ മാതാവിന്റെയോ പിതാവിന്റെയോ ഒരു വാക്ക് മതി വലിയ പ്രതിസന്ധികളിൽ നിന്നും നാം കര കയറാൻ.

കാണപ്പെട്ട ദൈവമാണ് ഇവർ എന്ന് മറക്കരുത്. നമ്മെ ബാല്യത്തിൽ നോക്കി വളർത്തിയവർ, പല രാത്രികളിലും ഉറങ്ങാതെ നോക്കിയിരുന്നവർ നമ്മുടെ ദേഹത്ത് ചെറിയൊരു ചൂട് അനുഭവപ്പെട്ടാൽ ഓടി ആശുപത്രികളിൽ കൊണ്ട് ചെന്നവർ ഇവരാണ്. നിങ്ങൾ കണ്ടിട്ടുണ്ടോ മാതാപിതാക്കൾക്ക് വയ്യാതായാൽ ആശുപത്രിയിൽ പോകുന്നത്? എത്ര വയ്യായെങ്കിലും ഒന്നുമില്ല സാരമില്ല എന്ന വാക്കുകൾ പറഞ്ഞ് കാര്യങ്ങൾ ഒതുക്കും.

മക്കൾക്ക് വയ്യായെങ്കിൽ എത്ര തിരക്കാണെങ്കിലും പണമില്ലെങ്കിലും ഓടിക്കൊണ്ടുപോകും, ആശ്വസിപ്പിക്കും. രോഗത്താൽ നമ്മുടെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണുനീർ വീണാൽ തോളിൽ തട്ടിക്കൊണ്ട് ‘സാരമില്ല മക്കളേ’ എന്നു പറയുന്ന മാതാപിതാക്കൾ. അവരുടെ മനസ്സ് വിതുമ്പുകയായിരിക്കും. പക്ഷേ അവർ പുറത്തു പറയുന്നില്ല എന്നു മാത്രം. അതിനാൽ നമ്മുടെ കുടുംബത്തിലെ രണ്ട് ദീപങ്ങളെ ശോഭയോടെ വെളിച്ചമുള്ളതായി കാണുക. ‘മിന്നുന്നതെല്ലാം പൊന്നല്ല’ എന്ന് പ്രത്യേകം ശ്രദ്ധിക്കുക. മറ്റ് വെളിച്ചമെന്ന് തോന്നുന്ന മിന്നാമിന്നിലേക്ക് ഓടാതിരിക്കുക. നമ്മുടെ ജീവിതത്തിലെ നിധിയാണ് മാതാപിതാക്കൾ. പ്രാർത്ഥനയോടെ മുമ്പോട്ടു പോകുക. •

**LANDWAY NEWS**
**EDITORIAL BOARD**
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara
ETHIOPIA
Tariku Alemu

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

> “ഈ ലോകയാത്രയിൽ കഷ്ടതയും വേദനയും വന്നുവെന്നു വരാം. എന്നാൽ പതറിപ്പോകരുത്. ശക്തനായവൻ കൂടെയുണ്ട്. ആശ്വസിപ്പിക്കാൻ ആരും ഇല്ലെങ്കിലും ആശ്വാസദായകൻ കൂടെയുണ്ട്. കുറ്റപ്പെടുത്തുന്നവർ കണ്ടേക്കാം. എന്നാൽ അവർ ലജ്ജിച്ചു പോകും. ദൈവത്തിനായ് കാത്തിരിക്കുക.”

# ആശ്വാസമോ പരിഹാസമോ ഏതാകുന്നു എളുപ്പം?



**ജെ. പി. വെണ്ണിക്കുളം**

ഇയ്യോബ് 2:11 ൽ അനന്തരം തേമാന്യനായ എലീഫസ്, ശൂഹ്യനായ ബിൽദാദ്, നയമാത്യനായ സോഫർ എന്നിങ്ങനെ ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാർ ഈ അനർത്ഥമൊക്കെയും അവന്നു ഭവിച്ചതു കേട്ടപ്പോൾ അവർ ഓരോരുത്തൻ താന്താന്റെ സ്ഥലത്തു നിന്നും പുറപ്പെട്ടു. അവനോട് സഹതപിപ്പാനും അവനെ ആശ്വസിപ്പിപ്പാനും പോകേണമെന്ന് തമ്മിൽ പറഞ്ഞൊത്തു. 2:12 ൽ അവർ അകലെവച്ചു നോക്കിയാറെ അവനെ തിരിച്ചറിഞ്ഞില്ല. അവർ ഉറക്കെ കരഞ്ഞു. വസ്ത്രം കീറി പൊടി വാരി മേലോട്ടു തലയിൽ വിതറി. 2:13 ൽ അവന്റെ വ്യസനം അതികഠിനമെന്നു കണ്ടിട്ടു അവർ ആരും ഒരു വാക്കും മിണ്ടാതെ ഏഴു രാപ്പകൽ അവനോടു കൂടെ നിലത്തിരുന്നു.

ആശ്വാസം ആഗ്രഹിക്കാത്ത മനുഷ്യരില്ല. ആരും എന്നും സുഖത്തോടെ ഇരിക്കുന്നില്ല എന്നത് പ്രപഞ്ച സത്യമാണ്. ഇന്ന് സുഖകാലമാണെങ്കിൽ നാളെ ദുഃഖിച്ചെന്നു വരാം. തിരിച്ചും അങ്ങനെതന്നെ. എന്നാൽ ദുഃഖ സാഹചര്യങ്ങളിൽ ഉറ്റവർ പോലും കൈവിടുന്നത് സ്വാഭാവികം. പക്ഷെ അത് താങ്ങാവുന്നതിലും അപ്പുറമാണ്. തകർന്ന മനസിന് ഒരു നല്ല വാക്കു ഔഷധമാണ് (സദൃ. 11:25). വേദന കണ്ടു പരിഹസിക്കാൻ ധാരാളം പേർ കണ്ടേക്കാം. എന്നാൽ ആശ്വസിപ്പിക്കുന്നവർ തുലോം ചുരുക്കമാണ്. ഒരു പ്രയാസം വരുമ്പോൾ അത് ആ വ്യക്തിയുടെ ജീവിതത്തിൽ എത്രമാത്രം വേദന ഉണ്ടാക്കി എന്ന് ചിന്തിക്കാറില്ല. ചിലർക്ക് ആശ്വാസം കൈക്കൊള്ളാൻ കഴിയാറുമില്ല.

ഇയ്യോബിന്റെ കഷ്ടതയിൽ അവനെ ആശ്വസിപ്പാൻ തന്റെ മൂന്നു സുഹൃത്തുക്കളായ എലിഫസ്, ബിൽദാദ്, സോഫർ എന്നിവർ വന്നു. എന്നാൽ തങ്ങളുടെ കേട്ടറിവിനേക്കാൾ ഭയാനകമാണ് ഇയ്യോബിന്റെ അവസ്ഥയെന്നു നേരിട്ട് കണ്ടപ്പോൾ ബോധ്യമായി. അവർ സ്തബ്ധരായി പോയി. ആശ്വാസവാക്ക് പറയാൻ വന്നവർ ഏഴു രാപ്പകൽ മിണ്ടിയില്ല. പലപ്പോഴും ആശ്വസിപ്പിക്കേണ്ടവർ പോലും ആശ്വാസവാക്ക് കണ്ടെത്താനാകാതെ മിണ്ടാതെയിരുന്നെന്നു വരാം. ആ മൗനത്തിന്റെ പിന്നിലെ ആത്മാർത്ഥതയെ സംശയിച്ചാലും തെറ്റുപറയാനാവില്ല. പിന്നീട് അവർ അവനെ കുറ്റപ്പെടുത്തുകയും പരിഹസിക്കുകയും ചെയ്തു. അതൊക്കെ തനിക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. പരിഹസിക്കുന്നവരോട് ഇയ്യോബ് പറയുന്നത് എന്റെ വാക്ക് കൂടി നിങ്ങൾ കേൾക്കൂ.



ഇയ്യോബ് 21:3 ൽ നിൽപിൻ ഞാനും സംസാരിക്കട്ടെ. ഞാൻ സംസാരിച്ചു കഴിഞ്ഞിട്ടു നിനക്ക് പരിഹസിക്കാം. പരിഹസിക്കുന്നവർ കാരണം കൂടാതെ പരിഹസിക്കും. അതിനു അവർക്കു അവരുടേതായ ചില ന്യായങ്ങൾ കാണും. എന്നാൽ അവർ ചിന്തിക്കുന്നതിനും അപ്പുറത്താണ് ഇയ്യോബ് എന്നവർ മറന്നു പോകുന്നു. ഇയ്യോബിനെക്കുറിച്ച് ദൈവം സാക്ഷ്യം പറഞ്ഞിട്ടുണ്ട് (1:8). ദൈവം ഇയ്യോബിന്റെ കൂടെയാണെന്ന് സാത്താനും പറഞ്ഞിട്ടുണ്ട് (1:10).

ഇയ്യോബിന് സകലതും നഷ്ടമായി. എന്നിട്ടും അവൻ പറഞ്ഞത് യഹോവ തന്നു യഹോവ എടുത്തു എന്നാണ് (1:21). നഷ്ടങ്ങളുടെ ഘോഷയാത്രയായിരുന്നു അവനുണ്ടായത്. എങ്കിലും അധൈര്യപ്പെട്ടില്ല. ആശ്വാസമായി നിക്കേണ്ട ഭാര്യയും അവനോട് ഭക്തി ഉപേക്ഷിക്കാൻ പറഞ്ഞു (2:9) എന്നിട്ടും അവൻ ഭക്തി മുറുകെപ്പിടിച്ചു. നേരുള്ളവൻ മുടിഞ്ഞുപോകയില്ല (4:7) എന്നതിന് ഉദാഹരണമാണ് ഇയ്യോബ്. പ്രത്യാശയുള്ള വൃക്ഷത്തെപ്പോലെ (14:7) അവൻ ദൈവസന്നിധിയിൽ കാത്തിരുന്നു. ശോധന കഴിച്ചാൽ പൊന്നുപോലെ പുറത്തുവരും (23:10) താൻ വിശ്വസിച്ചു. നാല്പത്തിരണ്ടാം അധ്യായത്തിൽ, നഷ്ടമായതൊക്കെ ഇരട്ടിയായി മടക്കികെട്ടിയ ഇയ്യോബിനെയാണ് നാം കാണുന്നത് (വാക്യം 10). ഈ ലോകയാത്രയിൽ കഷ്ടതയും വേദനയും വന്നുവെന്നു വരാം. എന്നാൽ പതറിപ്പോകരുത്. ശക്തനായവൻ കൂടെയുണ്ട്. ആശ്വസിപ്പിക്കാൻ ആരും ഇല്ലെങ്കിലും ആശ്വാസദായകൻ കൂടെയുണ്ട്. കുറ്റപ്പെടുത്തുന്നവർ കണ്ടേക്കാം. എന്നാൽ അവർ ലജ്ജിച്ചു പോകും. ദൈവത്തിനായ് കാത്തിരിക്കുക. പിന്നത്തേതിൽ ദൈവം നിന്നെയും മാനിക്കും. •

# നായ്ക്കളെ സൂക്ഷിപ്പിൻ



**ദാസ് പി. വിളക്കുടി**



ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിളിപ്പേരുള്ള കേരളം ഇന്ന് നായ്ക്കളുടെ സ്വന്തം നാടായി മാറിക്കൊണ്ടിരിക്കുന്നു. ദിവസവും വാർത്തകളിൽ നാം കാണുകയും കേൾക്കുകയും ചെയ്യുന്നത് നായ് കടിച്ചതു മൂലം ഗുരുതര പരിക്ക് പറ്റിയവരെക്കുറിച്ചോ അല്ലെങ്കിൽ അതുമൂലം ജീവിതം ദുരിതത്തിലായവരെക്കുറിച്ചോ ആണ്. ഇത് എഴുതുമ്പോൾ ഒരു വയോധികനെ നായ്ക്കൾ കടിച്ചുകീറി ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ അഡ്മിറ്റ് ആകുകയും പിന്നീട് മരണപ്പെട്ടു എന്ന ദുഃഖകരമായ വാർത്തയാണ് കേൾക്കുവാൻ കഴിഞ്ഞത്.

എന്തുകൊണ്ടാണ് ഇങ്ങനെയുള്ള സംഭവങ്ങൾ അടിക്കടി ഉണ്ടാകുന്നത്? പണ്ട് തെരുവ് നായ്ക്കൾ മനുഷ്യരെ കണ്ടാൽ ഓടിമറയുകയോ ഉപദ്രവിക്കാൻ കൂട്ടാക്കുകയോ ചെയ്തിരുന്നില്ല. കാലം മാറി ജനങ്ങൾക്ക് വിദ്യാഭ്യാസവും സൗകര്യങ്ങളും വർദ്ധിച്ചപ്പോൾ മാലിന്യങ്ങൾ സംസ്ക്കരിക്കുവാൻ ഗവൺമെന്റോ ജനങ്ങളോ മുൻകൈ എടുക്കാതെ പൊതുസ്ഥലങ്ങളിൽ തള്ളുന്ന പ്രവണത വർദ്ധിച്ചു. അറവുശാലകളിൽ നിന്നുള്ള മാംസത്തിന്റെ അവശിഷ്ടങ്ങൾ രക്തത്തോടുകൂടി പൊതുസ്ഥലങ്ങളിൽ, ജനവാസമുള്ള സ്ഥലങ്ങളിലെ റോഡുവക്കിൽ തള്ളുകയും തെരുവുനായ്ക്കൾ കൂട്ടമായ് വന്ന് അത് ഭക്ഷിച്ച് അതിന്റെ രുചി നുകർന്ന് ശൗര്യമുള്ളവരായി മാറി. അങ്ങനെ മനുഷ്യരോടും മനുഷ്യ രക്തത്തോടും നായ്ക്കൾക്ക് അടങ്ങാത്ത കൊതി മൂത്ത് ജനങ്ങളെ അക്രമിക്കുന്നു. ഇതിനുള്ള ഏകപ്രതിവിധി മാലിന്യങ്ങൾ ശരിയായ നിലയിൽ സംസ്കരിക്കുകയും തെരുവുനായ്ക്കളെ വന്ധീകരിക്കുകയോ മനുഷ്യനു ഭീഷണിയായവയെ കൊന്നൊടുക്കുകയും ചെയ്യുക എന്നുള്ളതാണ്.

എന്നാൽ ബൈബിളിൽ പല സ്ഥലങ്ങളിൽ നായ്ക്കളെക്കുറിച്ച് പരാമർശിക്കുന്നു. മനുഷ്യൻ ഇണക്കിയെടുത്തമൃഗങ്ങളിൽ ഒന്നാമത്തേതാണ് നായ്. ഇവ അശുദ്ധമൃഗമാണ്. ഇവയെ തൊടുന്നവരും അശുദ്ധനാണ്.

തലക്കെട്ടിൽ പരാമർശിക്കുന്നത് നായ്ക്കളെ സൂക്ഷിപ്പിൻ എന്നർത്ഥമുള്ള അപ്പോസ്തലനായ പൗലൊസ് ഫിലിപ്യയിലുള്ള സഭയ്ക്കെഴുതുന്നതാണ്. വളരെയധികം സ്നേഹിക്കുകയും പൗലൊസിനെ അനുസരിക്കുകയും ചെയ്ത സഭയാണ് ഫിലിപ്യ സഭ. അതുകൊണ്ട് അവരോട് മനസ് കൊണ്ട് ഒരടുപ്പം ഉള്ളതിനാലും ആകാത്ത വേലക്കാർ വന്ന് സഭയെ തെറ്റിക്കാതിരിപ്പാൻ ഉപദേശിക്കുന്നു. നാലാം അദ്ധ്യായത്തിൽ എന്റെ പ്രിയരും വാഞ്ചിതരുമായ സഹോദരന്മാരെ, എന്റെ സന്തോഷവും കിരീടവുമായുള്ളോരെ, എന്ന് പ്രത്യേകം അഭിസംബോധന ചെയ്യുന്നു. പൗലോസ് അദ്ധ്വാനിച്ചു നേടിയ സഭയാണ്. അവർ ഒരിക്കലും പിന്മാറ്റത്തിലേക്കോ മറ്റുള്ള ദുരുപദേശ തെറ്റിപ്പോകാൻ പാടില്ല. ‘നായ്ക്കൾ’ എന്ന് ഉദ്ദേശിച്ചിരിക്കുന്നത് നാല് കാലുള്ള മൃഗങ്ങളെ അല്ല, ഒരിക്കൽ ഉപേക്ഷിച്ച തെറ്റുകളെ വീണ്ടും സ്വീകരിക്കുകയോ ദുരുപദേശങ്ങളാൽ ദൈവമക്കളെ തെറ്റിക്കുന്ന പുരോഹിത വേഷം ധരിച്ചവരോ ദൈവദാസന്മാരായ പേർ പറയപ്പെട്ടവരോ തന്നെയാണ്. കുറേക്കൂടി വ്യക്തമായി പത്രോസ് അപ്പോസ്തലൻ (2 പത്രൊസ് 2: 22) എന്നാൽ സ്വന്ത ഛർദ്ദിക്ക് തിരിഞ്ഞ് നായെന്നും കുളിച്ചിട്ട് ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ല് പോലെ അവർക്ക് അത് അറിയാതിരുന്നെങ്കിൽ ഏറെ നല്ലത്.

പ്രിയരെ, നമ്മൾ അറിഞ്ഞ വിശ്വാസത്തിലും വിശുദ്ധിയിലും നിലനിൽക്കുക. ഭക്തിയുടെ വേഷം ധരിച്ച് വരുന്നവരെ തിരിച്ചറിയുക. ആരും അറിഞ്ഞ സത്യത്തിൽ നിന്നും പിൻമാറി പോകാതെ ക്രിസ്തുവിൽ ലഭിച്ച വിശുദ്ധ കൽപ്പനയായ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ട് കളരുത്. ക്രിസ്തുവിൽ നിലനിൽക്കുവാൻ ശ്രമിക്ക നമ്മുടെ കർത്താവ് വരാറായി. •

> **“The gifts of the Holy Spirit are given to the church for the mission in the world. Holy Spirit is the presence of God in the world. He is God outgoing as a member of the triune Godhead.”**

# Visions of the Triune God for the Transformational Mission



**Thomas Philip**

1. Compassion: Hearing the repulsive out cast, Jesus was filled with compassion; was moved with pity, Mk. 1:40, 41. He touched this loathsome and repulsive leper. There was a comfort in that, for others fled from him. The touch of Jesus was a touch of acceptance and assurance. His compassion has been translated into action, Jesus healed him.

2. Identification: Jesus identifies himself with the people who were like shepherdless sheep that mean the scattered sheep strayed from the great and good shepherd Mk. 6: 32-34. He had compassion upon the spiritually hungry masses and those who are devoid of proper spiritual leadership. Because a sheep without shepherd cannot find the way. Jesus identified with situation of the hungry shepherdless mass and moved to action. He taught the spiritually hungry masses and satisfied their hunger for spiritual things.

3. Concern: Jesus had concern for the city of Jerusalem; therefore, he wept over it, Lk. 19:41-44. His tender sympathy with human sorrow is the feature of his character which makes him so dear to humanity as the Divine Friend. He had compassion upon the city that rejected him, the city over which the judgment of God was looming large because of its spiritual arrogance, religious egotism, deep-seated hypocrisy, heartless cruelty etc. Jesus was moved not only emotional; he was compassionate and even wept. Jesus acted beyond mere weeping; He taught the spiritually hungry masses and satisfied their hunger for spiritual things and went over and died in bitter forgiveness.

Christ, a person more beautifully has been portrayed in the New Testament records, really incarnated to the needs of man, in other words, God became true man is seen in his action, which means, he did more than mere weeping and feeling compassion. He is the word-mediated. He is the center and connecting point of word and action. His compassion moved him to action.

Josh McDowell says, “If God became a man, then we would expect him to live more perfectly than any human who has ever lived.” This has become so true in the life of Jesus while having compassion followed by action. He is the God of compassion whom every human should see behind their mission. It means the compassion and willingness must fall into the ground and die. Moltman said, “God weeps with us so that we may one day laugh with him”. Outside the church, people like Mahatma Gandhi, Rajaram Mohan Roy and Swami Vivekananda acknowledged Christ. Many more admired and followed Jesus Christ as their model and example. Our understanding of Jesus as the suffering God must become the motivating factor behind all our actions and missions. As Jesudas Athyal said, “Our identity is grounded in our understanding of who Jesus Christ is.” At the same time the words of M. J. Joseph is unforgettable, “The challenge of the Risen Christ is to comfort people in agony and frustration. He is capable of making his presence felt even in a closed door.” The vision of weeping God who incarnated in the human form should be the driving force behind our entire mission.

### 1. The Empowering God

In the post-modern context the word mission is no longer specifically ‘Christian’. It has been widely used by people of other faiths and in secular realms. When Rajiv Gandhi started his campaign on science and technology he constituted technology mission. All our foreign consulates are called missions abroad. When USA launched its war against Iraq, it was called mission to liberate Kuwait. We are also familiar with the Ramakrishna mission and mission of other faiths.

What is, then, Christian mission? It our total response to God. It is God’s mission, ‘missiodei’ and it begins with God. Living God is a missionary God. He loves the whole world and want to see everything reconciled to him through Jesus Christ. Humans are privileged to participate in his mission. Mission is, ‘God’s ‘yes’ to the world’ and ‘our solidarity with society’. Mission is also “no” to the world: an expression of our opposition to the forces that opposes the reign of God.

The gifts of the Holy Spirit are given to the church for the mission in the world. Holy Spirit is the presence of God in the world. He is God outgoing as a member of the triune Godhead. Sharing with the Father and the Son the qualitative aspects of personality, deity and infinity, He, too, is ‘light and love’. The fruits of the Holy Spirit are the sprit’s gifts to the world through the presence of the community of faith that embodies the fruits. Through which Holy Spirit creates high potential responsive people.

The world today is in need of recognizing the spiritual gifts of the Holy Spirit because Holy Spirit can only enable and qualify everyone to function adequately. Moreover, the world today is in desperate need of the fruits of the Holy Spirit such as love, joy, peace, patience, kindness, goodness, faithfulness as mentioned by Paul in Gal. 5:22, because the world is fallen from the standards of God. Lazar Mathew says, “Basic human values such as love, honesty, care for one another, equality, non-violence, tolerance, justice and peace are inseparably related to the great art of living successfully and harmoniously in society.” Such fruit in the power of the Holy Spirit will radically transform. It will fundamentally alter – the realities in which we live today. Ivy Singh observes, “…God’s mission is not only for a section of the humanity, but for the ‘life’ of the whole humanity and God’s entire creation”. Therefore, it is necessary to have a vision of the God who dwells in us, empowering us to do his mission in his way.

In summing up, our world is fallen and deformed. It needs to be transformed. Individuals with vision are being called to be the agents of transformation. At this context, transformational mission becomes both what we are and what we do which means it involves both our words and deeds. What is being carried out is the core of this mission. To have a clear mission that brings transformation, it is necessary to have the vision of triune God. John Stott rightly views, about vision, “it is an act of seeing, of course, an imaginative perception of things, combining, insight and foresight.” Thus the vision of agonizing, grieving and empowering God is crucial to our mission because the one who participates in God’s mission is a missionary who shares the vision of the triune God and works with him and for him. Moreover, such people go out to bring about a radical transformation in the community, that is to say the vision of God makes the real difference with our mission. •





For copies please contact:
+91-9446114703
thomasphilip020@gmail.com
Rs. 250 /- (postage extra)

വിസിറ്റിംഗ് വിസ
സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്ക്കറ്റ്,
ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണെ തുടങ്ങിയ രാജ്യങ്ങൾ
സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ്
വിസകൾക്കും സമീപിക്കുക
GLOBAL CARE TRAVEL SERVICES ESTD 1998
2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com




AMERICA

## Indian-American boy wins $100,000 in top US quiz show

WASHINGTON: An Indian-American teenage boy has won $100,000 in a top US quiz show. Sharath Narayan, a sophomore from Madison, Alabama, won 'Jeopardy! Teen tournament', the most coveted quiz show of the country by defeating two other finalists Alex Fischthal and Michael Borecki, who came second and third, respectively.

EUROPE

## UK public wants Queen Elizabeth to pay on her own for palace repairs

LONDON: Thousands of people have signed an online petition calling for Queen Elizabeth II to pay nearly 370 million pounds for repairs to Buckingham Palace from her own pocket instead of resorting to taxpayer funds.



The "Make Royals Pay for Palace Renovation" was created on 38 Degrees campaign site and has gathered 88,389 signatures within days since the UK government announced on Friday that the British monarch's London home would undergo a 369 million-pound essential refurbishment.

The 90-year-old monarch will remain in residence during the work, which is set to begin in April next year.

The Queen's household budget was awarded a 66 per cent pay rise to pay for the 10-year refit of the palace in central London, designed to future-proof the ageing building.

"There is a national housing crisis, the NHS is in crisis, austerity is forcing cuts in many front line services. Now the Royals expect us to dig deeper to refurbish Buckingham Palace. The Crown's wealth is inestimable. This is, in a word, outrageous," says the petition addressed to the UK Chancellor.

The Queen's personal wealth is estimated at 340 million pounds and she privately owns Sandringham House and Balmoral Castle in the UK.

The petition wants the repair funds to go out from there rather than the Crown Estate revenues, which go to the UK Treasury and a percentage of which is then passed on to the Queen as a Royal Grant.

EUROPE

## Angela Merkel says she wants to run for 4th term as German chancellor

BERLIN: Germany's Angela Merkel told leading members of her conservative Christian Democrats (CDU) on Sunday that she wants to run for a fourth term as chancellor in next year's election, senior party sources told Reuters on Sunday.



The 62-year-old conservative is widely seen as a stabilising force in Europe amid uncertainty after Britain's vote to leave the European Union and as a bastion of Western liberal values after the election of Donald Trump as the next US president.

ASIA

# Demonetisation: 33 deaths since government scrapped Rs 500, Rs 1000 notes

In the past week since the central government scrapped Rs 500 and Rs 1,000 notes in a bid to weed out black money, 33 deaths have been reported across the country that can be directly or indirectly linked to the sudden demonetisation move. While a few deaths have been out of shock, as alleged by the families of the deceased, some deaths are claimed to be owing to exhaustion after standing for long hours in serpentine queues. There have also been reports of suicide and even a murder over demonetisation in West Bengal.



On Wednesday, too, chaotic scenes and long queues were seen outside banks and ATMs across the country as people rushed to withdraw or exchange notes to pay their every day bills.

GULF

## Sharjah book fair sees widespread media coverage

Sharjah: This year's Sharjah International Book Fair saw widespread media coverage, attracting 8,000 news clippings in more than 20 languages during its 11-day run, organisersclaim.



The book fair, which ran from November 2 to 12 was by far the biggest and most successful since it began 35 years ago. Held at Sharjah's Expo Centre, the fair hosted 1,681 publishing houses and saw 2.31 million visitors— a record among book fairs in the UAE. Sales of books totalled Dh176 million.

The fair's official hashtag, #SIBF2016, recorded more than 1 billion impressions on English and Arabic social media sites. Workshops by authors at the fair helped gather media coverage.

The fair has "strongly proved that books still enjoy the greatest attention and interest of intellectuals, thinkers and journalists, as they form the cornerstone of the progress of communities and nations", said Ahmad Bin Rakkad Al Ameri, Sharjah Book Authority chairman.

Al Ameri thanked media professionals and journalists — including foreign correspondents — columnists and social media stars who covered the book fair.

ലൈറ്റ് ഓഫ് ദ വേൾഡ് മിനിസ്ട്രീസ്
9-ാമത് വരിക്കോലിൽ കൺവൻഷൻ
പുനലൂർ മുൻസിപ്പൽ സ്റ്റേഡിയം
2017 ജനുവരി 9-13
പ്രസംഗകർ:
റവ. ടി. ജെ. ശാമുവേൽ
റവ. ഡോ. എം. എ. വറുഗ്ഗീസ്
റവ. റജി ശാസ്താംകോട്ട
പാസ്റ്റർ ജയൻ തോമസ്
പാസ്റ്റർ സജി കര്യൻ
പാസ്റ്റർ സഞ്ജയ് ഹൈദരാബാദ്
പാസ്റ്റർ ഷിബു എബ്രാഹാം പുനലൂർ നേതൃത്വം നല്കുന്നു
സംഗീത ശുശ്രൂഷ: ZEALOUS BAND
ഇമ്മാനവേൽ ഹെൻട്രി / ബ്ലസൻ മേമന / പെർസിസ് ജോൺ
MEDIA PARTNER HARVEST tv
കൂടുതൽ വിവരങ്ങൾക്ക്: 9495267695, 9446796989

### SAUDI PRINCE AL WALEED SAYS WOMEN MUST DRIVE

Riyadh: An outspoken billionaire Saudi prince has called for an "urgent" end to his country's ban on women driving. Al Waleed is an unusually outspoken member of the Saudi ruling family who holds no political posts but chairs Kingdom Holding Co, interests of which include US banking giant Citigroup and the Euro Disney theme park.

# അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

**ഷാജൻ ജോൺ ഇടയ്ക്കാട്, സാം യു. ഇളമ്പൽ, ജോൺസൺ സാമുവേൽ**

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ ജനുവരി 17 ചൊവ്വ മുതൽ 22 ഞായർ വരെ പുനലൂർ എ.ജി ഗ്രൗണ്ടിൽ. 17 ന് വൈകിട്ട് ആറ് മണിക്ക് പ്രാരംഭ പൊതുയോഗത്തിൽ സൂപ്രണ്ട് പാസ്റ്റർ ടി.ജെ സാമുവേൽ ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ചൊവ്വ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 9 വരെയുള്ള പൊതുയോഗങ്ങളിൽ അഭിഷിക്തരായ ദൈവദാസന്മാർ പ്രസംഗിക്കും. ജനറൽ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി ഡിസ്ട്രിക്ട് ട്രഷറാർ പാസ്റ്റർ എ. രാജൻ ജനറൽ കോ- ഓർഡിനേറ്ററായുള്ള വിപുലമായ കമ്മറ്റി രൂപികരിച്ച് പ്രവൃത്തനം ആരംഭിച്ചു.

പബ്ലിസിറ്റി: ദൈവദാസന്മാരായ എ. ഷാജി, പി.കെ. യേശുദാസ്, ജോസ് ടി. ജോർജ്ജ്, ടി. ഫിലിപ്പ്. പന്തൽ: ഓ. സജിമോൻ, സജി ടി. ഏബ്രഹാം. മീഡിയ: ഷാജൻ ജോൺ ഇടയ്ക്കാട് ജോൺസൺ സാമുവേൽ, സാം. യു ഇളമ്പൽ. വാളന്റീയേഴ്സ്: ബി.സി. ചന്ദ്രൻ, ബ്ലസ്സൻ ജോൺ. താമസ സൗകര്യം: ഏബ്രഹാം തോമസ്, ഡി. ജോയി, ലൈറ്റ്& സൗണ്ട്: കെ. വൈ. വിൽഫ്രഡ് രാജ്, കെ. എസ്. സുരേഷ്. പ്രാർത്ഥന: മാത്യൂസ് കോശി, ടി.ഒ പത്രോസ്, ജോസഫ് കുര്യൻ, ടി. എസ്. സ്റ്റ്യുവർട്ട്. ഗതാഗതം: ഷാബു ജോൺ, ബിജി ഫിലിപ്പ്. സ്നാനം: ജോസ് തോമസ്, രാജൻ ഏബ്രഹാം, കെ.വൈ. വിൽഫ്രഡ് രാജ്. കർതൃമേശ: തോമസ് മാത്യു, പി.ജി. ഡാനിയേൽ, സാംകുട്ടി ജോൺ, സനൽ കുമാർ. അഷേഴ്സ്: എം.ഡി. തോമസുകുട്ടി, ടി.വി തങ്കച്ചൻ, പി. എം ശമുവേൽ, ആർ.ടി തോമസ്, റോബിൻസൺ. ഡി. സ്റ്റേജ് അറേഞ്ച്മെന്റ്. കെ.സി ജേക്കബ്, ടി.സി. റോയി, രഞ്ജിത് തമ്പി. ആരോഗ്യം: പ്രസാദ് കോശി, സുനിൽ ദാസ്, ബേബി ചെറിയാൻ, ഫിനാൻസ്: കെന്നഡി പോൾ, ഇ. ലോറൻസ്, സി.ജെ സാമൂവേൽ. സോഷ്യൽ വർക്ക്: ജിനു കെ. വർഗീസ്, വിൻസന്റ് സാം, ഭക്ഷണം: വി.വൈ. ജോസ്കുട്ടി, ബ്രദർ സുനിൽ പി. വർഗീസ്. കലണ്ടർ: പാസ്റ്റർ ജോസ് തോമസ്, സംഗീതം: പാസ്റ്റർ സുനിൽ സോളമൻ & എ.ജി ക്വയർ എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകും.

ജനുവരി 17ന് ചൊവ്വ മുതൽ 21 ശനി വരെ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണിവരെ പൊതുയോഗങ്ങൾ നടക്കും. 17 ചൊവ്വ രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ കോൺഫൻസും ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ശുശ്രൂഷക സമ്മേളനവും നടക്കും. വെള്ളി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ മിഷൻ സമ്മേളനവും ഉച്ചയ്ക്ക് 2.30 മുതൽ 4.30 വരെ ഓർഡിനേഷൻ ശുശ്രൂഷയും നടക്കും. ശനി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ സൺഡേ സ്കൂൾ വാർഷികവും 2 മുതൽ 4.30 വരെ സി.എ സമ്മേനവും നടക്കും. ഞായർ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്ന പൊതു സഭായോഗത്തോടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ സമാപിക്കും. മലയാളം ഡിസ്ട്രിക്ടിന്റെ പ്രാദേശിക സഭകളിൽനിന്നായി പതിനയ്യാരത്തോളം പേർ പൊതു സഭായോഗത്തിൽ സംബന്ധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ജനറൽ കൺവൻഷന്റെ ആഴ്ചയിൽ പ്രാദേശിക സഭകളിൽ പ്രത്യേക പരിപാടികൾ ആരും നടത്തെരുതെന്നും മുഴുവൻ സഭാജനങ്ങളും ജനറൽ കൺവൻഷനിൽ സംബന്ധിക്കണമെന്നും സൂപ്രണ്ട് പാസ്റ്റർ റ്റി. ജെ. സാമുവേൽ സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ട്രഷറാറും കൺവൻഷൻ ജനറൽ കോ-ഓർഡിനേറ്ററുമായ പാസ്റ്റർ എ. രാജൻ എന്നിവർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ജനുവരി 17 ന് ചൊവ്വ മുതൽ 21 ശനി വരെ ദിവസവും വൈകിട്ട് 6 മണി മുതൽ 9 മണിവരെ പൊതുയോഗങ്ങൾ നടക്കും. 17 ചൊവ്വ രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ കോൺഫൻസും ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ശുശ്രൂഷക സമ്മേളനവും. വെള്ളി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ മിഷൻ സമ്മേളനവും ഉച്ചയ്ക്ക് 2.30 മുതൽ 4.30 വരെ ഓർഡിനേഷൻ ശുശ്രൂഷയും നടക്കും. ശനി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ സൺഡേ സ്കൂൾ വാർഷികവും 2 മുതൽ 4.30 വരെ സി.എ സമ്മേനവും നടക്കും. ഞായർ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്ന പൊതു സഭായോഗത്തോടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ സമാപിക്കും.

മലയാളം ഡിസ്ട്രിക്ടിന്റെ പ്രാദേശിക സഭകളിൽനിന്നായി പതിനയ്യാരത്തോളം പേർ പൊതു സഭായോഗത്തിൽ സംബന്ധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ജനറൽ കൺവൻഷന്റെ ആഴ്ചയിൽ പ്രാദേശിക സഭകളിൽ പ്രത്യേക പരിപാടികൾ ആരും നടത്തെരുതെന്നും മുഴുവൻ സഭാജനങ്ങളും ജനറൽ കൺവൻഷനിൽ സംബന്ധിക്കണമെന്നും സൂപ്രണ്ട് പാസ്റ്റർ റ്റി. ജെ. സാമുവേൽ സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ട്രഷറാറും കൺവൻഷൻ ജനറൽ കോ-ഓർഡിനേറ്ററുമായ പാസ്റ്റർ എ. രാജൻ എന്നിവർ അഭ്യർത്ഥിച്ചിട്ടുണ്ട്.

# ഐ.പി.സി. സ്റ്റേറ്റ് കൺവൻഷന് ഒരുക്കങ്ങൾ പൂർത്തിയായി

പെരുമ്പാവൂർ: 2016 ഡിസംബർ 7 മുതൽ 11 വരെ പെരുമ്പാവൂർ ആശ്രാം ഹയർസെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ നടക്കുന്ന ഐ.പി.സി. കേരളാ സ്റ്റേറ്റ് കൺവൻഷന് ഒരുക്കങ്ങൾ പൂർത്തിയായി. പ്രസംഗകനായ പാസ്റ്ററർ രവിമണി ബാംഗ്ലൂർ മുഖ്യപ്രഭാഷകനായിരിക്കും. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ ദൈവദാസന്മാരായ ജേക്കബ് ജോൺ, കെ.എം. ജോസഫ്, കെ.സി. ജോൺ, വിൽസൺ ജോസഫ്, തോമസ് ഫിലിപ്പ്, രാജു പൂവക്കാല, ബാബു ചെറിയാൻ. ഷിബു നെടുവേലിൽ, സി.സി. ഏബ്രഹാം, ഫിലിപ്പ് പി. തോമസ്, വറുഗീസ് ഏബ്രഹാം, ബി. മോനച്ചൻ, സണ്ണി കുര്യൻ, കെ.ജെ. തോമസ് തുടങ്ങിയവർ പ്രസംഗിക്കും. ഡിസംബർ 11 ഞായറാഴ്ച സംയുക്ത ആരാധനയും കർത്തൃമേശയും ഉണ്ടായിരിക്കും. സ്റ്റേറ്റ് കൺവൻഷൻ ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും. പകൽ യോഗങ്ങൾ പെരുമ്പാവൂർ ഒന്നാം മൈൽ ഐ.പി.സി. ഹെബ്രോൻ സഭയിൽ നടക്കും. ബൈബിൾ സ്റ്റഡി, ഉപവാസപ്രാർത്ഥന, യുവജന സൺഡേസ്കൂൾ, സോദരീ സമാജം സമ്മേളനങ്ങൾ എന്നിവ കൺവൻഷന്റെ ഭാഗമായി നടക്കും.

# പത്തനാപുരം കൺവൻഷൻ

പത്തനാപുരം ഐ.പി.സി. സെന്ററിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 21 മുതൽ 25 വരെ സുവിശേഷക യോഗം നടത്തപ്പെടും. ദൈവദാസന്മാരായ ഇ.സി. ജോർജ്ജ്, സാം ജോർജ്ജ്, ജേക്കബ് ജോർജ്ജ്, ഫിലിപ്പ് പി. തോമസ്, ബാബു ചെറിയാൻ, വർഗ്ഗീസ് ഏബ്രഹാം, എബി ഏബ്രഹാം, വി.വൈ. തോമസ് എന്നിവർ ദൈവവചനം പ്രസംഗിക്കുകയും ഐ.പി.സി. പത്തനാപുരം സെന്റർ ക്വയർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്യും. സുവിശേഷകൻ റെജി പി.ജെ. മല്ലശ്ശേരി മീഡിയ കൺവീനറായി പ്രവർത്തിക്കുന്നു.

## വീടും സ്ഥലവും വില്പനയ്ക്ക്

പത്തനംതിട്ട - കൈപ്പട്ടൂർ ജംഗ്ഷനടുത്ത് പഴയതും പുതിയതുമായ രണ്ടു വീടുകളുള്ള 42 സെന്റ് സ്ഥലവും വീടും വില്പനയ്ക്ക്. ബന്ധപ്പെടുക: 9447440441

## MATRIMONIAL

PENTECOSTAL PARENTS INVITES MARRIAGE PROPOSAL FOR THEIR DAUGHTER (WIDOW - NO CHILDREN), - 35 YEARS 5'-3" FARE & BEAUTIFUL WORKING NURSE IN SAUDI MINISTRY. PREFER PENTECOST GROOM, HANDSOME FROM REPUTED FAMILY. AGE BETWEEN 35-39 -5'-4" TO 6'- QUALIFIED & WORKING. ACCEPT WIDOWER WITH CHILDREN, BUT NOT DIVORCED.
CONTACT: INDIA: 9446756030, 9594904034.
USA:+1-407-232-3876

ഡൽഹിയിൽ ജനിച്ചുവളർന്നു സ്ഥിര താമസമായ പെന്തെക്കൊസ്തു യുവതി (24) B. Com IT, MBA, 165 Cm ഉയരം, ഇരുനിറം, ഇംഗ്ലിഷ്, മലയാളം, ഹിന്ദി ഭാഷകൾ സംസാരിക്കും. രക്ഷിക്കപ്പെട്ടു സ്നാനപെട്ട് ദൈവ കൃപയിൽ നിൽക്കുന്ന വിദേശത്ത് ജോലിയുള്ള യുവാക്കളുടെ ബന്ധുക്കളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിക്കുന്നു.
Email: sunny53joseph@gmail.com
Phone: +91 9958256002.

# ബൈബിൾ ക്വിസ് ഡിസംബർ 2016

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**യോവൽ 1 മുതൽ – ആമോസ് 4 വരെ**

1. രട്ടുടുത്ത് രാത്രി കഴിച്ചു കൂട്ടുവാൻ പറഞ്ഞിരിക്കുന്നത് ആരോട്?
2. ഏതു സ്ഥലത്തുള്ള പുൽപ്പുറങ്ങൾ ആണ് പുഷ്ടിവെയ്ക്കുന്നത്?
3. നിർജ്ജനമരുഭൂമിയായി ഭവിക്കുന്ന ദേശം ഏത്?
4. ശരണം നശിക്കുന്നത് ആർക്ക്?
5. ഒരു കൂടു ചെരുപ്പിന് വിറ്റുകളഞ്ഞത് ആരെ?
6. നശിച്ചു പോകുന്ന ഭവനങ്ങൾ ഏത്?
7. ദഹിപ്പിക്കപ്പെടുന്ന അരമനകൾ ഉള്ള സ്ഥലം ഏത്?
8. വിത്ത് എവിടെ കിടന്നാണ് കെട്ടുപോകുന്നത്?
9. വിലാപം ഉണ്ടാകുന്നത് എവിടെ?
10. കണ്ടം വരണ്ടു പോകാൻ കാരണം എന്ത്?

**2016 നവംബർ മാസത്തിലെ ശരി ഉത്തരങ്ങൾ (ദാനിയേൽ)**

1. ആഖോർ താഴ്‌വര (2:15), 2. പരിജ്ഞാനമില്ലായ്കയാൽ (4:6), 3. യെഹൂദാ പ്രഭുക്കന്മാർ (5:10), 4. ഗിലെയാദ് (6:8), 5. എഫ്രയിം (7:11), 6. എഫ്രയിം (8:9), 7. ആത്മപൂർണ്ണനെ (9:8), 8. പടിഞ്ഞാറ് (11:10), 9. യഹോവ (12:5), 10. പിന്മാറ്റത്തെ (14:4)

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Mrs. Lelamma Saji, PMG Church, Nariyapuram P.O, Pathanamthitta (Dist).
*രണ്ടാം സമ്മാനം:* Mr. Joel V. Sabu, Maruthimoottil Veedu, Thinkalkkarikkom P.O, Kollam.

**ശരി ഉത്തരം അയച്ചവർ:** 1. Mrs. Cindrella Kumari. E, 2. Sneha Mariam Thomas, Munakkal Illathu, Nariyapuram P.O. 3. Shainy Varghese, Karakkattu Parampil, Kumarapuram, Ernakulam. 4. Leelamma Saji PMG Church, Nariyapuram P.O. 5. Ansa S. M, AG Church, Olathanni, Thiruvananthapuram. 6. Joel V. Sabu, Maruthimoottil Veedu, Thinkalkkarikkom P.O, Kulathuppuzha, Kollam (Dist). 7. Sheethu Jayaseelan, IPC Ebenezer Church, 81 Indra Nagar, Coimbatoor. 8. Mini Sajan, IPC Bethel Church Alappuzha. 9. Elsy Vijayan, AG Church, Chandrapinni P.O, Trissure. 10. Reena, Thoppil Veedu, Thirupuram P.O, Neyyattinkara. 11. Roshina Roy, Puthethukuzhiyil, Thumpamon P.O, Pathanamthitta. 12. Pushpa Latha R. B, Peniyel House, Vellinina Chani, Kanjiramkulam P.O, Thiruvananthapuram. 13. Siji Sajan, Grace Theological Collage, Vennikulam P.O, Pathanamthitta. 14. Sici Joseph, AG Church, Vadathupara P.O, Kothamangalam. 15. Anil Thampi, kallanikkal Vadakkekkara, Kodumon P.O, Pathanamthitta.

**നിബന്ധനകൾ**

1. എല്ലാ മാസവും 25-ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. ഫോൺ നമ്പർ ഇല്ലാത്ത ഉത്തരപേപ്പറുകൾ സ്വീകരിക്കുന്നതല്ല. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

**Rev. George Chacko**

**Bible Quiz**

First Prize Rs 5000/-
Second Prize Rs. 2500/-

**LAST DATE: 2016 DECEMBER 31**

*Answer within 30 days using the name of the Book, Chapter and Verse.*

1. The first prayer in the Bible. The Devils prayer and it's answer?
2. The servant of God who gave a blow to Jesus?
3. What is ICCU. Where is the proof for that in the Bible?
4. The proof for the earth is round and rotating?
5. Where is the proof for TV in the Bible?
6. The name of the shuttle taken man FIRST to moon?
7. The relation between Jesus and the Ark of Noah?
8. How many months in a year and days for a year?
9. The proof for the First World War?
10. Who suffered a lot when the prodigal son came back to his father?

**You may have to answer ten more questions when you finish this.**
Contact: P. J.John
Phone: 0474 2464713; 813 705 0888
Email: georgebbcf@yahoo.com

## വസ്തു വില്പനയ്ക്ക്

പന്തളത്തു നിന്നും പൂഴിക്കാട് റോഡിൽ വിട് വയ്ക്കുവാൻ യോഗ്യമായ നിരപ്പുള്ള 60 സെന്റ് റബ്ബർ തോട്ടം വില്പ്പനക്ക്. ആശുപത്രി, സ്കൂൾ, ആരാധനാലയങ്ങൾ, ആയുർവേദ കോളേജ്, എൻ.എസ്.എസ് കോളേജ് എന്നിവിടെങ്ങളിൽ എത്തുവാൻ വളരെ സൗകര്യം.
**00971 559672494** (Watsapp)

*വായിക്കുക*
*വരിക്കാരാകുക*
ലാൻഡ്‌വേ ന്യൂസ്

പാട്ടിന്റെ വഴി

# സീയോൻ സഞ്ചാരി

കേരളത്തിന് വെളിയിൽ മധുരയിലേക്ക് പൂർണ്ണസമയ സുവിശേഷകനായി പോവുകയും അവിടെ താമസം ഉറപ്പിക്കുകയും ചെയ്തു എങ്കിൽത്തന്നെയും കേരളത്തിലെ ഒട്ടുമിക്ക കൺവൻഷനുകളിലും ആത്മീയ ശുശ്രൂഷകളിലും വചനം ശുശ്രൂഷിക്കാൻ തന്നെ ക്ഷണിക്കുമായിരുന്നു. ആ നിലയിൽ ഒരു 'സഞ്ചാര പ്രഭാഷകൻ' കൂടെയായിരുന്ന ചെറിയാൻ സാർ. വർഷം തോറും നടക്കുന്ന കുമ്പനാട്, പത്തനംതിട്ട, കൊട്ടാരക്കര, അടൂർ, പരുത്തിപ്പാറ, റാന്നി, പുനലൂർ, പത്തനാപുരം, തൃശ്ശൂർ, കോഴിക്കോട് ആദിയായ സ്ഥലങ്ങളിലെ കൺവൻഷനുകളിലെ സ്ഥിരം പ്രസംഗകനായിരുന്നു ഇദ്ദേഹം. കൂടാതെ ഐക്യ കൺവൻഷനുകളിലും തനിക്ക് സ്ഥാനമുണ്ടായിരുന്നു. വൈ.എം.ഇ.എഫ്. ബാലസംഘം എന്നിവയിൽ തന്റെ ശുശ്രൂഷ അനിവാര്യമായിരുന്നു എന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

കേരളം തമിഴ്നാട് എന്നീ സംസ്ഥാനങ്ങളെ കൂടാതെ മദ്ധ്യപ്രദേശ്, യു. പി., രാജസ്ഥാൻ, മഹാരാഷ്ട, ഗുജറാത്ത്, പഞ്ചാബ്, ഹരിയാന, ഡൽഹി, ബീഹാർ, വെസ്റ്റ് ബംഗാൾ, നാഗാലാന്റ്, മണിപ്പൂർ, ഒറീസ്സാ എന്നീ സംസ്ഥാനങ്ങളിലും അനുഗ്രഹീതമായ ശുശ്രൂഷ ചെയ്യാൻ തനിക്ക് സംഗതിയായിട്ടുണ്ട്. ഒരു ദിവസത്തെ യോഗത്തിന് പോലും ദീർഘയാത്ര ചെയ്തെത്താൻ തനിക്ക് വിഷമമില്ലായിരുന്നു.

മധുരയിൽ നിന്നും രാത്രി രണ്ടു മണിക്കായിരിക്കും സാധാരണ യാത്ര ആരംഭിക്കുന്നത്. ഏതാണ് ഒരു മണി വരെ എഴുത്തിലും വായനയിലും പ്രാർത്ഥനയിലും മുഴുകിയിരിക്കുന്ന ദൈവദാസൻ രാത്രി ഒരു മണിക്ക് ഒന്നു കുളിക്കും. അതിന് ശേഷം വസ്ത്രങ്ങളും ഇൻസുലിനും സൂചിയുമെല്ലാം പെട്ടിയിലാക്കും. വീട്ടിൽ നിന്നിറങ്ങുന്നതിന് മുമ്പും വണ്ടിയിൽ കയറിയ ശേഷവും പ്രാർത്ഥിക്കും. വണ്ടിയിൽ കയറി അഞ്ചുമിനിറ്റിനകം ഉറക്കവും കൂർക്കം വലിയും ആരംഭിക്കും. വാർദ്ധക്യത്തിലേക്ക് പ്രവേശിച്ച ചെറിയാൻ സാറിന്റെ മകൻ ടോമി വാങ്ങികൊടുത്ത അംബാസിഡർ കാറിന്റെ മുൻസീറ്റിലിരുന്ന് ഉറക്കവും കൂർക്കം വലിയും വണ്ടി ഓടിക്കുന്ന ഡ്രൈവർ വിജയന് ഒരു പ്രശ്നമല്ല.

സ്വന്തമായ് വാഹനം ലഭിക്കുന്നതിനും മുമ്പ് കാൽനടയായും ഏറെ വർഷങ്ങൾ കഴിഞ്ഞ് സൈക്കിളിലും പിന്നീട് സ്കൂട്ടറിലും മധുരയിൽ സഞ്ചരിച്ചിരുന്നു. മധുരക്ക് പുറത്തുള്ള സുവിശേഷ യാത്രകൾ ട്രെയിനിലും ബസ്സുകളിലുമായിരുന്നു. ചെറിയൊരു പെട്ടിയും പുൽപ്പായയുമായി ട്രയിനിൽ കയറും സ്ഥലം കിട്ടിയാൽ പെട്ടി അദ്ദേഹത്തിന്റെ തലയിണ. പുൽപ്പായ് അദ്ദേഹത്തിന്റെ മെത്ത. ട്രെയിനിലോ ബസ്സിലോ യാത്ര ചെയ്യുമ്പോൾ ഇരിക്കാനിടം കിട്ടി അഞ്ച് നിമിഷത്തിനകം ചെറിയാൻ സാർ സകലഭാരവും കർത്താവിലർപ്പിച്ച് ഗാഡനിദ്രയിലാണ്ടുകഴിയും. ഇതൊക്കെയാണ് യാത്രാരീതികൾ.

ഒരു നാൾ ചെറിയാൻ സാർ പുനലൂരിൽ നിന്നും ബസ്സിൽ കയറി. കുമ്പനാട്ടേക്ക് യാത്ര ചെയ്തു. പുനലൂരിൽ നിന്നുമാണ് ആദ്യമായ് തീവണ്ടി കയറി സുവിശേഷ വേലയ്ക്കായ് ചെങ്കോട്ടയിലേക്ക് പോകുന്നത്. ആദ്യമായ് ചെറിയൻ സാർ കൺവൻഷൻ പ്രഭാഷകനായ് ക്ഷണിക്കപ്പെടുന്നതും കൺവൻഷൻ പ്രഭാഷണം ചെയ്തതും പുനലൂർ തന്നെയായിരുന്നു. പുനലൂർ ചാക്കോച്ചൻ ഉപദേശി എന്നറിയപ്പെടുന്ന ശ്രേഷ്ഠദൈവദാസനാണ് ഈ നിലയിൽ പ്രഥമ വേദി ഒരുക്കിയത്. ഇവിടെ നിന്നും കേരളത്തിലെ വേർപെട്ട ദൈവജനത്തിന്റെ പ്രഥമ സഭാക്കൂടി വരവ് ആരംഭിച്ച കുമ്പനാട്ടേക്കുള്ള യാത്രയിൽ ചെറിയാൻ സാർ പതിവിന് വിപരീതമായി ഉറങ്ങാതിരുന്നു എന്ന് മാത്രമല്ല, കർത്താവിനെ ധ്യാനിച്ചും മാനിച്ചും സേവിച്ചും കൊണ്ട് ക്ഷീണമെന്തെന്നറിയാത്ത യോഗ്യമല്ലാത്ത ലോകത്തിലൂടെ ലോകം തരുന്ന പേർ വേണ്ടെന്നു വച്ച് താൻ യാത്ര ചെയ്തു. ബാലശിക്ഷ നൽകുമ്പോഴും സ്നേഹം കുറഞ്ഞു പോകാത്ത 'അപ്പനെ' ക്കുറിച്ച് ചിന്തിച്ച് മനസ്സ് ധന്യമായപ്പോൾ തന്റെ കയ്യിലുണ്ടായിരുന്ന കടലാസുകക്ഷണത്തിൽ 'സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ...' എന്ന് കുറിക്കാനാ രംഭിച്ചു. കുമ്പനാട്ടെത്തിയപ്പോഴേക്കും മിക്കവാറും ആ രചന പൂർത്തിയായി. അങ്ങനെ ക്രൈസ്ത വരുടെ സീയോൻ സഞ്ചാരി പുനലൂരിൽ നിന്നും കുമ്പനാട്ടേക്ക് സഞ്ചാരം ചെയ്യും വേളയിൽ സഞ്ചിതമാക്കിയ ഈ ഗാനം സീയോൻ സഞ്ചാരികളായ ഏവരുടേയും ഇഷ്ടഗാനമായ് സഞ്ചാരം ചെയ്യുന്നു.

## 24 –ാമത് ചെറുവക്കൽ കൺവൻഷൻ ഡിസംബർ 18 മുതൽ 25 വരെ

വേങ്ങൂർ: ഇന്ത്യ പെന്തക്കോസ്ത് ദൈവ സഭ വേങ്ങൂർ സെന്ററിന്റെയും കിളിമാനൂർ ഏരിയയുടെയും ന്യൂ ലൈഫ് സെമിനാരിയുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന 24 –ാം ചെറുവക്കൽ കൺവൻഷൻ ഡിസംബർ 18 മുതൽ 25 വരെ ചെറുവക്കൽ ന്യൂ ലൈഫ് സെമിനാരി ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടുന്നു. സെന്റർ പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ അജി ആന്റണി, പാസ്റ്റർ കെ.ജെ. തോമസ്, പാസ്റ്റർ ജോൺസൺ മേമന, പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ഒ. എം. രാജുകുട്ടി, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ സുരേഷ് ബാബു, പാസ്റ്റർ എം. എ. ജോൺ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ തമ്പാവൂർ വില്ല്യംസ്, ഡോ. ബ്ലസൻ മേമന, ശാലേം വോയിസ് പത്തനാപുരം എന്നിവർ സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നല്കും. ഉണർവ്വ് യോഗം, സോദരി സമാജം വാർഷികം, ബിരുദദാന സമ്മേളനം എന്നിവ നടക്കും. ബിരുദദാന സമ്മേളനത്തിൽ എ. ജി. മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് റവ. വി. റ്റി. എബ്രഹാം അനുഗ്രഹ പ്രഭാഷണം നടത്തും. 2 മണിക്ക് പി.വൈ.പി.എ–സണ്ടേസ്ക്കൂൾ വാർഷികം. ബൈബിൾ കോളേജ് ഗ്രാഡ്യുവേഷനോടനുബന്ധിച്ച് 100 സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം. തയ്യൽ മെഷീൻ വിതരണം എന്നിവ നടത്തപ്പെടും. ഞായറാഴ്ച രാവിലെ 8 മണി മുതൽ 80 സഭകളുടെ സംയുക്ത ആരാധനയോടു കൂടി കൺവൻഷൻ സമാപിക്കും.

# ശാരോൺ എ.ജി. സുവർണ്ണ ജൂബിലി കൺവൻഷൻ സമാപിച്ചു




ബെഗളൂരു: ദൈവവചനത്തിലെ ആത്മീയ സത്യങ്ങൾ മനസിലാക്കി ജീവിക്കുവാൻ ആന്തരിക നയനങ്ങൾ തുറക്കേണ്ടതിന് ദൈവത്തോട് പ്രാർത്ഥിക്കുന്നവരാകണം യഥാർത്ഥവിശ്വാസി എന്ന് പാസ്റ്റർ രവി മണി പ്രസ്താവിച്ചു. അൻപത് വർഷം പൂർത്തീകരിക്കുന്ന ബാംഗ്ലൂർ ജാലഹള്ളി, ശാരോൺ എ.ജി. സഭ സുവർണ്ണ ജൂബിലി കൺവൻഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവവചന പ്രമാണങ്ങൾ, ഉൾക്കൊള്ളുന്നവനെ വിശുദ്ധ ജീവിതം സാദ്ധ്യമാകു എന്നും അദ്ദേഹം പറഞ്ഞു. ലക്ഷ്മിപുരം കളത്തൂർ ഗാർഡൻസിൽ നവംബർ 10 മുതൽ 12 വരെ നടന്ന ജൂബിലി കൺവൻഷൻ സെൻട്രൽ ഡിസ്ട്രിക്ട് അസംബ്ലീസ് ഓഫ് ഗോഡ് അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ റ്റി.വി. ബെന്നി ഉദ്ഘാടനം ചെയ്തു. വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭാ നേതാക്കളായ എം.ഐ. ഈപ്പൻ, റ്റി. ഡി. തോമസ്, ജേക്കബ് ഫിലിപ്പ്, ജയ്മോൻ കെ. ബാബു, ജസ്റ്റിൻ ജോൺ എന്നിവർ ആശംസകൾ അറിയിച്ചു. ദൈവദാസന്മാരായ കെ.വി.മാത്യു, ഒ.ജെ. തോമസ് എന്നിവർ അദ്ധ്യക്ഷരായിരുന്നു. പാസ്റ്റർ ബാബു ചെറിയാൻ പകൽ യോഗങ്ങളിൽ ബൈബിൾ ക്ലാസും വൈകിട്ട് ദൈവവചനവും പ്രസംഗിച്ചു. ജൂബിലി കൺവൻഷന്റെ പാട്ട് പുസ്തകം പാസ്റ്റർ റ്റി. ഡി. തോമസ് പ്രകാശനം ചെയ്തു. എസ്.എ.ജി.സി ഗായകസംഘം ഗാനശുശ്രൂഷ നിർവ്വഹിച്ചു. 1966 ൽ റവ. എസ്. പോളിന്റെ നേതൃത്വത്തിൽ ആറുപേർ ചേർന്ന് ആരംഭിച്ച പ്രാർത്ഥനാ ഗ്രൂപ്പാണ് പിന്നീട് ശാരോൺ എ.ജി സഭയായ് മാറിയത്. മലയാളം, കന്നഡ, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ ആരാധന നടത്തുന്നു. സഭയുടെ നേതൃത്വത്തിൽ ഒട്ടേറെ സന്നദ്ധ പ്രവർത്തനങ്ങളും നടത്തി വരുന്നു. സുവർണജൂബിലി സമാപന സമ്മേളനം ജനുവരിയിൽ നടത്തുന്നതുമാണ് എന്ന് പാസ്റ്റർ ജെ. ജെ. തോമസ് പറഞ്ഞു.

## പ്രസാദ വർഷം 2016

ഐ.പി.സി അറക്കപ്പടി സഭയുടെയും പെരുമ്പാവൂർ സെന്റർ പി.വൈ.പി.എ. യുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഡിസംബർ 2 മുതൽ 4 വരെ പ്രസാദവർഷം 2016 എന്ന പേരിൽ കൺവൻഷൻ നടക്കും. പാസ്റ്റർ കെ.എം. ജോസഫ് ഉദ്ഘാടനവും ദൈവദാസന്മാരായ ആമോസ് സിംഗ്, ടിനു ജോർജ്ജ്, അരവിന്ദ് വിൻസെന്റ് ദൈവവചനം പ്രസംഗിക്കും. ഡോ. ബ്ലസ്സൻ മേമന, ലോഡ്സൻ ആന്റണി എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നതുമാണ്.

# നേന്ത്രപ്പഴം അധികം കഴിച്ചാൽ രോഗിയാവാം!




നമ്മുടെ ഭക്ഷണ ശീലങ്ങളിൽ ഒഴിവാക്കാനാവാത്ത ഒന്നാണ് നേന്ത്രപ്പഴം. നേന്ത്രപ്പഴം എന്നല്ല പഴത്തോട് ഒരു പ്രത്യേക ഇഷ്ടം തന്നെയാണ് മലയാളികൾക്ക്. അതുകൊണ്ട് തന്നെ രാവിലെ ഭക്ഷണം കഴിച്ചില്ലെങ്കിലും പഴമുണ്ടെങ്കിൽ അത് മതി എന്ന് പറയുന്നവരും കുറവല്ല. എന്നാൽ നേന്ത്രപ്പഴം കഴിയ്ക്കുമ്പോൾ അല്പം ശ്രദ്ധിക്കുന്നത് എന്തു കൊണ്ടും നല്ലതാണ്.

*ഭാരം വർദ്ധിക്കുന്നു:* ഭാരം വർദ്ധിക്കുന്നത് തടയാൻ പലരും പഴം ശീലമാക്കാറുണ്ട്. എന്നാൽ അമിതഭാരം ഉണ്ടാക്കാൻ നേന്ത്രപ്പഴത്തിന് കഴിയും എന്നാണ് പറയുന്നത്. അതുകൊണ്ട് തന്നെ നേന്ത്രപ്പഴം കഴിയ്ക്കുന്നത് അല്പം ശ്രദ്ധിച്ചുവേണം.

*മൈഗ്രേയ്ൻ:* ഇത് പലർക്കും അറിയാത്ത ഒന്നാണ്. കാരണം നേന്ത്രപ്പഴം കഴിയ്ക്കുന്നത് മൈഗ്രേയ്ൻ ഉണ്ടാവാൻ കാരണമാകുന്നു. പഴത്തൊലിയിൽ ഉള്ളതിനേക്കാൾ 10 മടങ്ങ് ടൈറാമിന് പഴത്തിൽ അടങ്ങിയിട്ടുണ്ട്. ഇത് തന്നെയാണ് പലപ്പോഴും മൈഗ്രേയ്നിന് കാരണമാകുന്നത്.

*പല്ല് ദ്രവിക്കാൻ:* പഴം കഴിക്കുന്നവരുടെയെല്ലാം പല്ല് ദ്രവിക്കുന്നു എന്ന് പറഞ്ഞാൽ ശരിയാവില്ല. എന്നാൽ അമിതമായി പഴം കഴിക്കുന്നവരിൽ പല്ലിന് പുളിപ്പും പ്രശ്നങ്ങളും അനുഭവപ്പെടാറുണ്ട് എന്ന് പറഞ്ഞാൽ തള്ളിക്കളയാനാവില്ല.

*അമിതക്ഷീണം:* പഴം ഊർജ്ജത്തിന്റെ കലവറയാണ്. എന്നാൽ അമിതമായാൽ ഇത്രത്തോളം അപകടം വേറൊന്നുമില്ല. കാരണം അമിതക്ഷീണം ഉണ്ടാക്കുന്നതിന് പഴം കാരണമാകുന്നു.

ഞരമ്പുകളിലെ പ്രശ്നം: പലപ്പോഴും ഞരമ്പുകൾക്കുള്ളിൽ പ്രശ്നം നേരിടുന്നു. വിറ്റാമിൻ ബി കൂടുതലായി കഴിക്കുന്നത് തന്നെയാണ് കാരണം.

*അലർജി:* ചിലർക്ക് അലർജ്ജി ഉണ്ടാക്കുന്നതിന് ഇത് കാരണമാകുന്നു. രോഗപ്രതിരോധ ശേഷി വർദ്ധിക്കുന്നതിന് പകരം ഇല്ലാതാവുന്ന അവസ്ഥയാണ് പലപ്പോഴും ഉണ്ടാവുക.

*വയറുവേദന:* വയറുവേദന പോലുള്ള പ്രശ്നങ്ങളെ ക്ഷണിച്ചു വരുത്തുന്നതും ഈ പഴം തീറ്റ പലപ്പോഴും കാരണമാകുന്നു. ശരീരത്തിന് ഇതിനെ ദഹിപ്പിക്കാനുള്ള കഴിവ് ഇല്ലാത്തതാണ് പലപ്പോഴും ഇതിന് കാരണം.

*ടൈപ്പ് ടു ഡയബറ്റീസ്:* ടൈപ്പ് ടു ഡയബെറ്റിസ് ആണ് മറ്റൊരു പ്രശ്നം. ഫ്രക്ടോസ് കൂടുതൽ അടങ്ങിയിട്ടുണ്ട്. ഇത് പലപ്പോഴും ചെറുപ്പക്കാരിൽ ടേപ്പ് ടു ഡയബെറ്റിസ് ഉണ്ടാവാൻ കാരണമാകുന്നു.

*ഗ്യാസ്:* വയറ്റിൽ ഗ്യാസ് നിറഞ്ഞു കൂടാനും പഴം തീറ്റ കാരണമാകുന്നു. പലപ്പോഴും പഴത്തിലെ ഫൈബർ ആണ് ഇതിന് പിന്നിൽ.

# നവാപൂർ കൺവൻഷന് തിരശീല വീണു

36–ാമത് നവാപൂർ കൺവൻഷൻ പ്രാർത്ഥനയോടുകൂടി അവസാനിച്ചു. സ്വദേശിയും വിദേശിയുമായ ദൈവദാസന്മാർ ദൈവവചനം പ്രസംഗിച്ചു.

ഉത്തരേന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് കൺവൻഷനാണ് നവാപൂർ കൺവൻഷൻ. ഡോ. ജേയി പുന്നൂസ് പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്ത കൺവൻഷനുകളിൽ പാസ്റ്റേഴ്സ് മീറ്റിംഗ്, പാസ്റ്റേഴ്സിന്റെ ഭാര്യമാരുടെ മീറ്റിംഗ്, കുട്ടികളുടെ മീറ്റിംഗ്, യുവജനങ്ങളുടെ മീറ്റിംഗ്, സഹോദരിമാരുടെ മീറ്റിംഗ്, മെഡിക്കൽ ക്യാമ്പ്, ഫിലാഡൽഫിയാ ബൈബിൾ കോളേജിന്റെ ഗ്രാഡുവേഷൻ, പാസ്റ്റർമാരുടെ ഓർഡിനേഷൻ എന്നിവയും നടത്തപ്പെട്ടു. 13–ാം തീയതി സഭായോഗത്തോടുള്ള ബന്ധത്തിൽ 36–ാമത് നവാപൂർ കൺവൻഷൻ പര്യവസാനിച്ചു.

പാസ്റ്റർ റെജി തോമസിന്റെയും കൂട്ടുപ്രവർത്തകരുടെയും നിസീമമായ കൂട്ടായ്മയും പ്രാർത്ഥനാ വലയവും കൺവൻഷന് വളരെ അനുഗ്രഹമായിരുന്നു.

Bringing You Closer to God
LANDWAY

# LANDWAY NEWS

Published From Pathanamthitta
Volume No. 2, Issue No.12 | Pages 8 | Price: Rs. 10/-

10
DECEMBER
2016

Olive Thottathil, Thumpamon P.O.,
Pandalam, Pathanamthitta Dist,
Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com
www.landwaynews.com

RNI-KERBIL/2015/62054.
Postal Registration No.
KL/PTA/93/2015 - 2017.
WPP License Number:
KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/12/2016

## വെബ്സൈറ്റ് നിലവിൽ വന്നു

മലയാള പെന്തക്കോസ്തു സഭകളെ കോർത്തിണക്കി www.sabhavarthakal.com എന്ന പുതിയ വെബ്സൈറ്റ് നിലവിൽ വന്നു. നവംബർ പതിനാറാം തീയതി ബുധനാഴ്ച കുവൈറ്റിൽ നടന്ന ക്രിസ്തീയ സമ്മേളനത്തിൽ പാസ്റ്റർ എം.എ. തോമസ് (പ്രസിഡന്റ്, ഐ.പി.സി കുവൈറ്റ് റീജിയൻ) വെബ്സൈറ്റ്, ക്രൈസ്തവ കൈരളിക്കു സമർപ്പിച്ചു. പാസ്റ്റർ നൈനാൻ ജോർജ്ജ് (ശാരോൺ ഫെലോഷിപ്പ് ചർച്ച്, കുവൈറ്റ്) അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ പാസ്റ്റർ ഷാജി സ്കറിയാ (പ്രസിഡന്റ്, ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് റീജിയൻ) വെബ്സൈറ്റ് ലോഗോ ഉത്ഘാടനം നിർവ്വഹിച്ചു. സജി എബ്രഹാം (ബെഥേൽ എ.ജി), പാസ്റ്റർ റെജി ജേക്കബ് (പി.എം.ജി) എന്നിവർ മുഖ്യ സന്ദേശം നൽകി.

കുവൈറ്റിലുള്ള പെന്തക്കോസ്തു മാധ്യമ പ്രതിനിധികളായ പാസ്റ്റർ സാം തോമസ് (സ്നേഹദീപം, ജെയ്സൺ മണകാല, (സ്നേഹിതൻ), വിജു അമ്പാട്ട് (മന്നാ), എന്നിവരെ കൂടാതെ പാസ്റ്റർമാരായ ജോസ് ഫിലിപ്പ്, വി.പി.ഫിലിപ്പ്, ജോസ് ബിജിലി സൈമൺ, ജോൺസൺ എം, ജോസഫ് മാത്യു, റെജി ചാക്കോ, സാം പനച്ചയിൽ, ശാമുവേൽ ടി.എം എന്നിവർ സംബന്ധിച്ചു. പാസ്റ്റർ മനു കുര്യന്റെ പ്രാർത്ഥനയോടെ ഉത്ഘാടന സമ്മേളനം പര്യവസാനിച്ചു.

## ബൈബിൾ ക്ലാസ് ഡിസംബർ 7 മുതൽ

ബെംഗളൂരു: ദി പെന്തെക്കോസ്ത് മിഷൻ ബാംഗ്ലൂർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 7 മുതൽ 11 വരെ ലിംഗരാജപുരം മേൽപാലത്തിന് സമീപം കോർപ്പറേഷൻ ഗ്രൗണ്ടിൽ ബൈബിൾ ക്ലാസും രോഗശാന്തി ശുശ്രൂഷയും നടക്കും. ''ക്രിസ്തുവിനെ നേടുക'' എന്ന വിഷയത്തെ ആസ്പദമാക്കി സഭയുടെ പ്രധാന ശുശ്രൂഷകർ ബൈബിൾ ക്ലാസ് നടത്തും. ദിവസവും വൈകിട്ട് 6 മുതൽ ഗാനശുശ്രൂഷ, ബൈബിൾക്ലാസ്, രോഗശാന്തി പ്രാർത്ഥന എന്നിവ ഉണ്ടായിരിക്കും.

## പി.എം.ജി. കൺവൻഷൻ

തിരുവനന്തപുരം: പി.എം.ജി. സഭകളുടെ പന്ത്രണ്ടാമത് ജനറൽ കൺവൻഷൻ വിവിധമായ നിലയിൽ തിരുവനന്തപുരത്ത് ഹെഡ്ക്വാർട്ടേഴ്സിന്റെ കർമ്മേൽ പ്രയർഹാളിൽ നടത്തുവാനുള്ള ഒരുക്കങ്ങൾ ചെയ്തുവരുന്നു. വിവിധ സെക്ഷനുകളിൽ അനുഗ്രഹിക്കപ്പെട്ട ദൈവദാസന്മാർ ദൈവവചന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. സഭാ പ്രസിഡന്റ് പാസ്റ്റർ കെ. കെ. ജോസഫ് ഉത്ഘാടനവും ദൈവദാസന്മാരായ സാമുവേൽ മാത്യു (നരിയാപുരം) ജി. ജെ. അലക്സാണ്ടർ, എം. എ. വർഗീസ് ഫിലിപ്പ്, സാമുവേൽ സൈമൺ, വർഗ്ഗീസ് ബേബി, ഷിബു ചാക്കോ, ജോൺ ജോർജ്ജ്, സിസ്റ്റർ ലീലാമ്മ എന്നിവരും വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. താമസവും ഭക്ഷണവും സൗജന്യമായി നൽകുവാനുള്ള ക്രമീകരണങ്ങളും ചെയ്തു വരുന്നു.

## മതം വ്യക്തിപരം; മറ്റാരും അതിൽ ഇടപെടണ്ട: ചീഫ് ജസ്റ്റിസ്




ന്യൂഡൽഹി: മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം വളരെ വ്യക്തിപരമാണെന്നും മറ്റാരും അതിൽ ഇടപെടണ്ട കാര്യമില്ലെന്നും സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ടി. എസ്. ഠാക്കൂർ. സുപ്രീം കോടതി ജഡ്ജി റോഹിന്റൻ എഫ്. നരിമാൻ സൊരാഷ്ട്രിയൻ മതത്തെക്കുറിച്ചെഴുതിയ പുസ്തകം പ്രകാശനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ചീഫ് ജസ്റ്റിസ്. രാഷ്ട്രീയ അഭിപ്രായ വ്യത്യാസം കൊണ്ട് കൊല്ലപ്പെട്ടതിലേറെ ജീവിതങ്ങൾ മതത്തിന്റെ പേരിലാണ് നഷ്ടപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു. ലോകത്ത് ഏറ്റവും കൂടുതൽ നാശം, ദുരന്തം, രക്തച്ചൊരിച്ചിൽ എന്നിവയെല്ലാം മതത്തിന്റെ പേരിലാണ് ഉണ്ടായിട്ടുള്ളത്. എന്താണ് എന്റെ മതം? ഞാനെങ്ങനെയാണ് ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നത്? ഇതെല്ലാം എന്റെ മാത്രം കാര്യമാണ്. മറ്റാർക്കും ഇതിൽ ഇടപെടേണ്ട കാര്യമില്ല. ദൈവവുമായുള്ള നിങ്ങളുടെ ബന്ധം നിങ്ങൾക്കു സ്വയം തിരഞ്ഞെടുക്കാം. സാഹോദര്യവും സഹിഷ്ണുതയും അന്യോന്യമുള്ള സ്വീകാര്യതയുമാണ് വേണ്ടത് എന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു. ചടങ്ങിൽ സുപ്രീം കോടതി മുൻ ജഡ്ജി ബി.എൻ. ശ്രീകൃഷ്ണ, റോഹിന്റൻ നരിമാന്റെ പിതാവും പ്രമുഖ അഭിഭാഷകനുമായ ഫാലി എസ്. നരിമാൻ തുടങ്ങിയവരും പ്രസംഗിച്ചു.







## സുവിശേഷയോഗവും സംഗീത വിരുന്നും

പന്തളം: ഐ.പി.സി. പന്തളം ഹെബ്രോൻ സഭയുടെ 10–ാമത് കൺവൻഷൻ 2016 ഡിസംബർ 2 മുതൽ 5 വരെ പന്തളം ശിവരഞ്ജിനി ആഡിറ്റോറിയത്തിൽ വൈകിട്ട് 6 മുതൽ 9 മണി വരെ നടത്തപ്പെടും. ദൈവദാസന്മാരായ ജോൺ ജോർജ്ജ് (ഐ.പി.സി.പന്തളം ഡിസ്ട്രിക്ട് പാസ്റ്റർ), കെ. ജെ. തോമസ് (കുമളി), വർഗീസ് ഏബ്രഹാം (റാന്നി), ബാബു ചെറിയാൻ (പിറവം) ദൈവവചനം പ്രസംഗിക്കും. ബേർശേബാ വോയ്സ് കുടശ്ശനാട് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് സഭാ പാസ്റ്റർ പി.ഡി. ജോസഫ്, ഏബ്രഹാം തോമസ് (സെക്രട്ടറി), റിജു സൈമൻ തോമസ്, ബ്രില്ലി മാത്യു പബ്ലിസിറ്റി കൺവീനേഴ്സ് (9946949759).

### ലാൻഡ്വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| Size | Multicolour | Black & White |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.

*Office Address*

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*

LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

### ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

Santhosh Pandalam
A/C No: 14170100002307,
IFSC Code: FDRL0001417
MICR Code: 689049476

Federal Bank,
Pandalam Branch,
Pathanamthitta Dist.,
Kerala, India

Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.